# കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാഭ്യാസനയ പ്രസ്താവന

★

1974 ജൂലൈ 31 മുതൽ ആഗസ്റ്റ് 4 വരെ
ന്യൂഡൽഹിയിൽ ചേർന്ന
ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ
നാഷനൽകൗൺസിൽ അംഗീകരിച്ചതു്

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസിദ്ധീകരണം

# കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാഭ്യാസനയ പ്രസ്താവന

PG Library & Research Center
4193

1974 ജൂലൈ 31 മുതൽ ആഗസ്റ്റ് 4 വരെ
ന്യൂഡൽഹിയിൽ ചേർന്ന
ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ
നാഷനൽകൗൺസിൽ അംഗീകരിച്ചതു്

324.254

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസിദ്ധീകരണം

# STATEMENT OF POLICY ON EDUCATION

adopted by the
National Council,
Communist Party of India,

New Delhi 31 July—4 August 1974.

Price 50 Ps.

MALAYALAM EDITION

Published by
KERALA STATE COUNCIL,
COMMUNIST PARTY OF INDIA
Thycaud, Trivandrum-14

Printed at:
THE JANAYUGOM PRESS, QUILON

324.254

# അവതാരിക

19-ാംനൂററാണ്ടിൻെറ രണ്ടാംപകുതിയിൽ, ആദ്യത്തെ ഇന്ത്യൻ സ്വാതന്ത്ര്യകലാപത്തിനു തൊട്ടുപിൻപേ ബ്രിട്ടീഷ് കോളണിപ്രഭുക്കൾ സൃഷ്ടിച്ചെടുത്ത ഒരു വിദ്യാഭ്യാസ സമ്പ്രദായം പാരമ്പര്യവശാൽ ഇന്ത്യ പിന്തുടർന്നു. നമ്മുടെ നാട്ടിൽ ബ്രിട്ടീഷ്ഭരണകാര്യങ്ങൾ നോക്കാൻ പററിയ ഇന്ത്യൻ ഉദ്യോഗസ്ഥന്മാരെ വളർത്തിയെടുക്കുകയായിരുന്നു അതിൻെറ ലക്ഷ്യം. തൽഫലമായി ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ ജനതയുടേയും രാജ്യത്തിൻേറയും ജീവിതാവശ്യതകളുമായി ബന്ധപ്പെടാതെ നിലനിന്നു; ജനങ്ങളുടേയും രാജ്യത്തിൻേറയും താല്പര്യങ്ങൾക്കു് അതു് എതിരുമായിരുന്നു. ആകയാൽ, ബഹുജനങ്ങളിൽനിന്നും അവരുടെ ആവശ്യങ്ങളിൽനിന്നും ഒററപ്പെട്ട, അശാസ്ത്രീയമായ, സാമൂഹിക പ്രയോജനമൊന്നുമില്ലാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായമായിരുന്നു അതു്. സ്വാഭാവികമായി ആധിപത്യാനുശാസനപരവും, അധികാരശ്രേണികളാൽ നിയന്ത്രിതവും, അങ്ങേയററം ഉദ്യോഗസ്ഥമേധാവിത്വത്തിലധിഷ്ഠിതവുമായിരുന്ന ആ സമ്പ്രദായം ദേശീയതാവിരുദ്ധമായ ഉള്ളടക്കത്തോടുകൂടി സാമൂഹികപുരോഗതിയെസ്സംബന്ധിച്ച വീക്ഷണങ്ങൾക്കു വിപരീതമായി വർത്തിച്ചു.

ആ നിലയിൽ വിദ്യാഭ്യാസത്തിൻെറ പരിഷ്കരണവും ജനാധിപത്യവൽക്കരണവും, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൻെറയും മുഴുവൻ ജനാധിപത്യപ്രസ്ഥാനത്തിൻെറയും

വിശേഷിച്ച് നമ്മുടെ നാട്ടിലെ അദ്ധ്യാപകവിദ്യാർത്ഥി പ്രസ്ഥാനങ്ങളുടേയും, മുഖ്യ മുദ്രാവാക്യങ്ങളിലൊന്നായിത്തീന്നു. വിദ്യാഭ്യാസപരിഷ്കരണപ്രസ്ഥാനം സ്വാതന്ത്ര്യസമരത്തോടൊപ്പം അതിൻെറ ഒരവിഭാജ്യഘടകമെന്ന നിലയിൽ വളർന്നു ശക്തിപ്പെട്ടു. അതോടെ. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ പുതിയ ഒരു ജനാധിപത്യവിദ്യാഭ്യാസസമ്പ്രദായം രൂപംകൊള്ളുമെന്ന പ്രതീക്ഷ ജനങ്ങളിൽ ഉയർന്നുവന്നു.

എന്നാൽ, ഇന്ത്യയിലെ പുതിയ മുതലാളിത്തഭരണവർഗ്ഗം വിദ്യാഭ്യാസസമ്പ്രദായത്തിൽ മൗലികവും ജനാധിപത്യപരവുമായ പരിവർത്തനം വരുത്തുന്നതിൽ കാര്യമായെന്തെങ്കിലും ചെയ്യാതിരിക്കെ, ആ പ്രതീക്ഷ വ്യർത്ഥമായിക്കലാശിച്ചു.

തികച്ചും കാലഹരണംവന്ന അടിസ്ഥാനസംവിധാനം നിലനിർത്തിക്കൊണ്ടു് ചില ചില്ലറപരിഷ്കാരങ്ങൾ വരുത്താൻ മാത്രമാണ് അവർ ഒരുമ്പെട്ടതു്.

ഇന്ത്യൻ മുതലാളിവർഗ്ഗം സ്വന്തം വർഗ്ഗതാല്പര്യത്തിനനുസൃതമായി വിദ്യാഭ്യാസത്തെ വിപുലപ്പെടുത്താനും അതിൻെറ രൂപം ഭേദപ്പെടുത്താനും ശ്രമിച്ചു. അവർ വിദ്യാഭ്യാസകാര്യത്തിൽ സാധാരണജനങ്ങളെ വിഗണിച്ചു തള്ളിക്കളയുകയാണുണ്ടായതു്. ആകയാൽ പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ച ഭരണഘടനാപരമായ കടമകൾ നിറവേററുന്നതിൽ ഭരണവർഗ്ഗം പരാജയപ്പെട്ടതു യാദൃച്ഛികമല്ല. ഇതേ കാരണങ്ങളാൽ ഇന്ത്യയിൽ ഇന്നു നിരക്ഷരത വമ്പിച്ച തോതിൽ വർദ്ധിച്ചിരിക്കുന്നു. സ്ത്രീവിദ്യാഭ്യാസം ദയനീയമാംവിധം പിൻതള്ളപ്പെട്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇന്നും സാധാരണക്കാർക്കു് അപ്രാപ്യമാകുമാറു് വിദ്യാഭ്യാസം അവരിൽനിന്നു് അകററപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസം അവരുടെ താൽപര്യങ്ങൾക്കു സഹായകമല്ല; അതേസമയം ജനാധിപത്യവിരുദ്ധമായ ഒട്ടേറെ പ്രവണതകൾ അതു നിലനിർത്തുന്നുമുണ്ടു്.

ഈ പശ്ചാത്തലത്തിലാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വിദ്യാഭ്യാസപ്രശ്നങ്ങളെസ്സംബന്ധിച്ച അതിൻെറ നയം ആവിഷ്ക്കരിച്ചിരിക്കുന്നതു്. ഇന്ത്യയിൽ സോഷ്യലിസം സ്ഥാപിച്ചതിനുശേഷംമാത്രം നടപ്പിലാക്കാനുള്ളതല്ല ഈ നയം. ഇതു് വിദ്യാഭ്യാസത്തിൻെറ പരിഷ്ക്കരണത്തെയും ജനാധിപത്യവൽക്കരണത്തെയും സംബന്ധിച്ച ഒരു അവകാശപത്രിക മാത്രമല്ലതാനും. വിദ്യാഭ്യാസത്തിൻെറ പരിഷ്ക്കരണത്തിനും ജനാധിപത്യവൽക്കരണത്തിനും വേണ്ടിയുള്ള ജനകീയപ്രസ്ഥാനത്തെ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോവുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, ഒരു പുത്തൻ വിദ്യാഭ്യാസപദ്ധതിക്കു രൂപംകൊടുക്കാനുള്ള തങ്ങളുടെ സമരത്തിൽ നമ്മുടെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സംഘടനകൾക്കു പുതിയൊരു മാർഗ്ഗനിർദ്ദേശം നൽകുക എന്നീ കാഴ്ചപ്പാടോടുകൂടിയാണ് ഈ നയത്തിനു രൂപം നൽകിയിട്ടുള്ളതു്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വിദ്യാഭ്യാസനയം പാർട്ടിയുടെ ദേശീയ ജനാധിപത്യവിപ്ലവപരിപാടിയിൽ അധിഷ്ഠിതമാണ്. ആകയാൽ നമ്മുടെ സാമാന്യജനങ്ങളിൽ വിദ്യാഭ്യാസം എത്തിക്കാനുള്ള സമരത്തിനാണ് അതു് മുഖ്യമായും പ്രാധാന്യം നൽകുന്നതു്. ആ നിലയിൽ, പ്രാഥമികവിദ്യാഭ്യാസത്തിൻെറ വ്യാപ്തിയും ഗുണവും മൗലികമായി മെച്ചപ്പെടുത്തുന്നതോടൊപ്പം ബഹുജനങ്ങൾക്കിടയിലെ നിരക്ഷരതയ്ക്കു ഉന്മൂലനാശം വരുത്തുകയും ചെയ്യുക എന്നതിനു് ഈ നയം ഊന്നൽകൊടുക്കുന്നു. മറെറന്തിനുംമീതേ ഈ മേഖലകളിലാണല്ലോ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ വിദ്യാഭ്യാസവുമായി ബന്ധപ്പെടുന്നതു്. ഇവിടെത്തന്നെയാണു മുതലാളിത്തഭരണവർഗ്ഗം ഏററവും ദയനീയമായി പരാജയപ്പെട്ടിരിക്കുന്നതും. അങ്ങനെ അനുപേക്ഷണീയമായ പ്രാഥമികാവശ്യങ്ങളിലൊന്ന് അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കു് ഭരണവർഗ്ഗം നിഷേധിച്ചിരിക്കുകയാണ്.

# വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സ്വഭാവം

ഏതു സമുദായത്തിലും ഭരണവർഗ്ഗമാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനസ്വഭാവവും ഉള്ളടക്കവും നിർണ്ണയിക്കുക. ബ്രിട്ടീഷ് ഭരണകാലത്തു നമ്മുടെ നാട്ടിലെ വിദ്യാഭ്യാസം കോളനിവാഴ്ച്ചയ്ക്കനുസൃതമായിരുന്നു. എന്നാൽ, സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ ബൂർഷ്വാസി അധികാരത്തിൽ വന്നപ്പോൾ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാൻ പോന്ന വിധം അവർ അതിൽ മാററംവരുത്തി. പക്ഷേ, ഫ്യൂഡലിസത്തിന്റേയും പുതുകോളനിപ്രസ്ഥാനത്തിന്റേയും സ്വാധീനതകൾ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കൊളോണിയൽ ഭൂതകാലത്തിന്റെ അവശിഷ്ടങ്ങൾ തുടച്ചുമാററപ്പെട്ടിട്ടുമില്ല. അടിസ്ഥാനപരമായി നോക്കുമ്പോൾ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഇന്ത്യൻ ബൂഷ്വാവർഗ്ഗത്തിന്റെ താല്പര്യമാണു സംരക്ഷിക്കുന്നതു്. ഈ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ കൊളോണിയൽപാരമ്പര്യം ദൂരീകരിക്കപ്പെട്ടിട്ടില്ലെങ്കിലും ബൂഷ്വാവർഗ്ഗം, അതിനെ സമുദായത്തിന്റെമേലുള്ള നിയന്ത്രണം നിലനിത്താൻ സ്വന്തം കൈകളിൽ ഒരുപകരണമായി സൂക്ഷിച്ചിരിക്കുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യൻ ബൂഷ്വാഭരണത്തിൻകീഴിൽ വിദ്യാഭ്യാസരംഗത്തു ചില മാററങ്ങൾ ഉണ്ടായിട്ടുണ്ടു്. വിദ്യാഭ്യാസത്തിന്റെ വ്യാപ്തിയിലും വിധത്തിലും ബ്രിട്ടീഷ്കാലത്തെ അപേക്ഷിച്ചു് വളർച്ചയുണ്ടായതായി കാണാം. അതേസമയം കുതിച്ചുകയറുന്ന ഒരു കൂററൻ പ്രതിസന്ധി വിദ്യാഭ്യാസസമ്പ്രദായത്തെയാകെ അതിന്റെ അടിവേരുകളോടെ പിടിച്ചുകുലുക്കുകയാണ്. ഈ രംഗത്തും മുതലാളിത്തത്തിന്റെ വികാസമാർഗ്ഗം ഒരു നിശ്ചലപര്യവസാനത്തിൽ എത്തിയിരിക്കുന്നു.

ദേശീയാവശ്യതകളുടെ നോട്ടപ്പാടിൽ ദയനീയമാംവണ്ണം അപര്യാപ്തമാണെങ്കിൽകൂടി, വിദ്യാഭ്യാസത്തിന്റെ അടിത്തറ കുറച്ചൊക്കെ വിപുലമായിട്ടുണ്ടെന്നു് ചുവടേ ചേക്കുന്ന സ്ഥിതിവിവരത്തിൽനിന്നു മനസ്സിലാക്കാം.

വിദ്യാൎത്ഥികളുടെ പ്രവേശനപ്പട്ടിക ഒരു സൂചികയാണെങ്കിൽ, വിദ്യാൎത്ഥികളുടെ എണ്ണം പ്രാഥമികഘട്ടത്തിൽ (6 വയസ്സിനും 11 വയസ്സിനും ഇടക്കു്) 1946-47-ൽ 141.1 ലക്ഷമായിരുന്നതു് 1973-74-ൽ 637.54 ലക്ഷമായും, മദ്ധ്യഘട്ടത്തിൽ (11 വയസ്സിനും 14 വയസ്സിനും ഇടക്കു്) ഇതേകാലത്തു് 20.4 ലക്ഷത്തിൽനിന്നു് 150.29 ലക്ഷമായും, ഹയർ സെക്കണ്ടറിഘട്ടത്തിൽ (14 വയസ്സിനും 17 വയസ്സിനും ഇടക്കു്) 1949-50-ൽ 10.83 ലക്ഷമായിരുന്നതു് 1973-74-ൽ 85 ലക്ഷമായും ഉയൎന്നിട്ടുണ്ടു്. ഉന്നതവിദ്യാഭ്യാസഘട്ടത്തിൽ (17 വയസ്സിനും 23 വയസ്സിനും ഇടക്കു്) 1946-47-ൽ 2.56 ലക്ഷമായിരുന്നതു് 1973-74-ൽ 30 ലക്ഷമായി വൎദ്ധിച്ചു

പല സംസ്ഥാനങ്ങളിലും ഇപ്പോൾ സ്കൂൾതലത്തിലും, പാസ്സ്കോഴ്സുകൾവരെ യൂണിവേഴ്സിററിതലത്തിലും അദ്ധ്യയനമാദ്ധ്യമം പ്രാദേശികഭാഷകളാണു്. ചില ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സ്ഥിതി ഇതല്ല. അവിടെ പ്രീയൂണിവേഴ്സിററി ക്ലാസ്സുകളിൽപ്പോലും, ഇംഗ്ലീഷിലാണു പഠിപ്പിക്കുന്നതു്. സ്കൂൾതലത്തിൽ തികച്ചും സാഹിത്യപരമായിരുന്ന വിദ്യാഭ്യാസത്തിന്റെ സ്ഥാനത്തു് ഇപ്പോൾ ശാസ്ത്രപഠനം നിർബന്ധിതമാക്കിയിട്ടുണ്ടു്. പഴയ സമ്പ്രദായത്തിൽനിന്നു വ്യത്യസ്തമായി ശാസ്ത്രത്തിലും ടെക്നോളജിയിലുംപെട്ട പല പുതിയ വിഷയങ്ങളും ഇന്നു യൂണിവേഴ്സിററിതലത്തിൽ ഏർപ്പെടുത്തിയിരിക്കുന്നു. 1950-51 കാലത്തു് ശാസ്ത്രം, എൻജിനീയറിംഗ്, ടെക്നോളജി, വൈദ്യശാസ്ത്രം, കൃഷിശാസ്ത്രം, മൃഗചികിത്സാശാസ്ത്രം എന്നീ വിഷയങ്ങൾ പഠിച്ചിരുന്ന വിദ്യാൎത്ഥികളുടെ എണ്ണം 1,60,367 ആയിരുന്നതു് 1970-71-ൽ 13,42,568 ആയി ഉയൎന്നിട്ടുണ്ടു്.

ഇങ്ങനെയൊക്കെയാണെങ്കിലും യാഥാൎത്ഥ്യത്തിന്റെ മറുവശം ഇരുളടഞ്ഞതാണു്. അധികൃതർ മുൻകാലത്തു് അമിതമായ അവകാശവാദം പുറപ്പെടുവിച്ചിരുന്നെങ്കിലും, 6 വയസ്സുമുതൽ 11 വയസ്സുവരെ പ്രായമുള്ള പെൺകുട്ടിക

ളിലും ആൺകുട്ടികളിലുംനിന്നു് 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പ്രവേശിച്ചിട്ടുള്ളവർ 60 ശതമാനത്തിൽ കൂടുകയില്ലെന്നു് ഇപ്പോൾ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. 11-നും 14-നും ഇടയ്ക്കു പ്രായമുള്ള കുട്ടികളിൽ മൂന്നിൽരണ്ടുഭാഗത്തിലധികം മിഡിൽസ്കൂൾ വിദ്യാഭ്യാസത്തിനു പോകാത്തവരാണു്. 14-നും 17-നും ഇടയ്ക്കു പ്രായമുള്ളവരിൽ അഞ്ചിൽനാലുഭാഗം ഹയർ സെക്കണ്ടറിതലത്തിൽ എത്താറേയില്ല.

എൻജിനീയറിംഗിലും ടെക്നോളജിയിലും തൊഴിൽ പരമായ മററു കോഴ്സുകളിലും പഠിക്കുന്നവരുടെ എണ്ണം കൂടി കൂട്ടുകയാണെങ്കിൽ, 17-നും 23-നും ഇടയ്ക്കു പ്രായമുള്ളവരുടെ കൂട്ടത്തിൽ യൂണിവേഴ്സിററിവിദ്യാഭ്യാസം ലഭിക്കുന്നവർ നാലുശതമാനത്തിൽ കൂടുതലില്ല.

ഫ്യൂഡൽസമീപനത്തിൽതന്നെ പിടിച്ചുതൂങ്ങുകയാൽ സ്ത്രീ വിദ്യാഭ്യാസത്തിന്റെ നേക്കുണ്ടായ അവഗണന ജുഗുപ്സാവഹമാണെന്നുവേണം പറയാൻ. 1973-74-ൽ പ്രൈമറിക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരുന്ന, 6-നും 11-നുംമദ്ധ്യേ പ്രായമുള്ള പെൺകുട്ടികളുടെ ശതമാനം അതേപ്രായപരിധിയിൽപ്പെട്ട ആൺകുട്ടികളുടെ ശതമാനത്തിന്റെ മൂന്നിലൊന്നു കുറവാണു്. ഉയന്ന ക്ലാസ്സുകളിലേയ്ക്കു പോകുംതോറും ഈ വ്യത്യാസം വദ്ധിച്ചുകൊണ്ടിരിക്കുന്നു.

അടിസ്ഥാനപരമായി മുതലാളിത്തവർഗ്ഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഉദ്ദേശിക്കപ്പെട്ടതാണു് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം. ആകയാൽ സ്വഭാവംകൊണ്ടു് സമുദായത്തിലെ വിശിഷ്ടന്മാക്കുവേണ്ടി നിലകൊള്ളുന്നതും, ബഹുജനങ്ങളോടു വിദ്വേഷം പുലത്തുന്നതുമാണതു്. ഈ "വിശിഷ്ടതാല്പര്യം", പ്രാഥമികവിദ്യാഭ്യാസത്തിന്റെയും നിരക്ഷരതാനിമ്മാജ്ജനത്തിന്റെയും നേക്കുള്ള ഞെട്ടിക്കുന്ന അവഗണനയിൽ, വ്യക്തമായും പ്രകടമാകുന്നു. ഗവണ്മെൻറ് ഔദാര്യപൂവ്വം സംരക്ഷണംനൽകുന്ന പബ്ലിക്സ്കൂളുകളിലും ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലും സമ്പന്നവിഭാഗ

ങ്ങൾ തങ്ങളുടെ കുട്ടികളെച്ചേർക്കാൻ തള്ളിക്കയറുന്നതിലും ഇതു സ്പഷ്ടമാകുന്നുണ്ട്.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം തൊഴിലിൻെറയും വിദ്യാഭ്യാസത്തിൻെറയും മണ്ഡലങ്ങൾ തമ്മിലുള്ള വിടവു വർദ്ധിപ്പിക്കുകയും, ശരീരാദ്ധ്വാനം അപമാനകരമാണെന്ന മിഥ്യാബോധത്തെ ശക്തിപ്പെടുത്തുകയും, തൊഴിലാളിവർഗ്ഗ വിരുദ്ധമനോഭാവം വളരാൻ സഹായിക്കുകയും, സാധാരണ ഗതിയിൽ വിദ്യാർത്ഥിയെ സമൂഹത്തിൽനിന്നു് അകററുകയും ചെയ്യുന്നു.

പ്രയോഗതലത്തിൽ ഉല്പാദനപ്രക്രിയയിൽനിന്നു വേർപെട്ടുനില്ക്കുകയാൽ ഈ വിദ്യാഭ്യാസസമ്പ്രദായം ഉല്പാദനോന്മുഖമല്ല; ഫലപ്രദവും ഉല്പാദനക്ഷമവും സൃഷ്ടിപരവുമായ ജോലികളിൽ ഏർപ്പെടുന്ന, അഭ്യസ്തവിദ്യരായ തൊഴിലാളികളെ സൃഷ്ടിക്കുകയെന്ന ആവശ്യത്താൽ പ്രേരിതവുമല്ല. ഈയിടെ സ്ഥാപിക്കാറുള്ള ഗവേഷണകേന്ദ്രങ്ങൾപോലും വ്യാവസായികോൽപ്പാദനത്തോടും അദ്ധ്യാപനത്തോടും ബന്ധപ്പെടാതെയാണിരിക്കുന്നതു്.

പരീക്ഷാപ്രധാനമാണു് വിദ്യാഭ്യാസസമ്പ്രദായമൊട്ടാകെ. ജ്ഞാനവൈദഗ്ദ്ധ്യങ്ങളുടെ സമ്പാദനവും മൂല്യവികസനവുമല്ല വിദ്യാഭ്യാസപ്രക്രിയയ്ക്കു പ്രചോദനം നൽകുന്നതു്.

വമ്പിച്ച നിരക്ഷരത ഇപ്പോഴും നിലനില്ക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിൻെറ ഭാരിച്ച ഗോപുരം സ്ഥിതിചെയ്യുന്നതു് ദുർബ്ബലമായ അടിത്തറമേലാണു്. ഇന്ത്യയിൽ 35 കോടി ജനങ്ങൾ, അതായതു് ജനസംഖ്യയുടെ 70 ശതമാനത്തോളം, നിരക്ഷരരത്രേ. സ്വാതന്ത്ര്യത്തിനുശേഷം നിരക്ഷരത ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. അസഹ്യമായ അപമാനമാണിതു്.

ഉന്നതവിദ്യാഭ്യാസരംഗത്തേക്കുള്ള പുത്തുകോളനി പ്രസ്ഥാനത്തിൻെറ നുഴഞ്ഞുകയററവും നമ്മുടെ രാജ്യത്തി

ന്റെ വികാസത്തിനു് ഒരു വലിയ ഭീഷണിയായിരിക്കുന്നു. വിദഗ്ദ്ധന്മാരുടെയും അക്കാഡമിഷ്യൻമാരുടെയും കപടവേഷംധരിച്ചുകൊണ്ടുള്ള സാമ്രാജ്യത്വത്തിന്റെ തുരന്നുകയററവും, സ്കോളർഷിപ്പുകൾ, വിസിററിംഗ് പ്രൊഫസ്സർഷിപ്പുകൾ എന്നിവയിലൂടെ സാമ്രാജ്യത്വം നടത്തുന്ന വിലയ്ക്കെടുക്കലുകളും, പല ഫൗണ്ടേഷനുകളിലൂടെ നൽകുന്ന ഗവേഷണസൗകര്യങ്ങളും മററു് വിദ്യാഭ്യാസസഹായങ്ങളും നമ്മുടെ രാജ്യത്തിന്റെ വൈജ്ഞാനികജീവിതത്തിൽ വളർന്നുവരുന്ന അപകടകരമായ യാഥാർത്ഥ്യങ്ങളാണു്. നമ്മുടെ വിദ്യാലയതലങ്ങളിലേയ്ക്കു 'സി. ഐ. എ.' (അമേരിക്കൻകേന്ദ്രചാരസംഘം) അതിന്റെ സ്പർശിനികൾ നീട്ടിക്കൊണ്ടിരിക്കുന്നു.

വ്യാപകവും ഗുരുതരവുമായ ഒരു പ്രതിസന്ധി ഇന്നു് ഇന്ത്യൻ വിദ്യാഭ്യാസസമ്പ്രദായത്തിൽ വളർന്നിരിക്കുകയാണല്ലോ. അടിസ്ഥാനപരമായി നോക്കിയാൽ, നമ്മുടെ നാട്ടിൽ മുതലാളിത്തമാർഗ്ഗം എത്തിനില്ക്കുന്ന പ്രതിസന്ധി വിദ്യാഭ്യാസമണ്ഡലത്തിൽ പ്രതിഫലിക്കുന്നതാണിതു്.

## വിദ്യാഭ്യാസത്തിലെ പ്രതിസന്ധി

വിദ്യാഭ്യാസസമ്പ്രദായത്തിലെ ഈ പ്രതിസന്ധിയുടെ ശ്രദ്ധാർഹമായ പ്രസ്പഷ്ടസവിശേഷത, വിദ്യാർത്ഥി–യുവജനങ്ങൾക്കിടയിൽ ഭീകരമായ നൈരാശ്യവും രോഷവുംസൃഷ്ടിച്ചുകൊണ്ടു് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയുടെ വ്യാപ്തി വദ്ധിച്ചുവരുന്നു എന്നതാണു്. പ്രവൃത്തിരഹിതരായ അഭ്യസ്തവിദ്യരുടെ എണ്ണം വിപുലമായിങ്ങനെ വദ്ധിക്കുന്നതു് അടിസ്ഥാനപരമായി സാമ്പത്തികവികാസക്രമത്തിന്റെ മാന്ദ്യത്താലത്രേ. വികാസത്തിന്റെ മുതലാളിത്തമാർഗ്ഗം ഇന്ത്യയിൽ പരാജയമടഞ്ഞിരിക്കുന്നു. തൊഴിലില്ലാത്ത വിദ്യാസമ്പന്നരുടെ സൈന്യശേഖരം ഇതിന്റെ ഉപോല്പന്നങ്ങളിലൊന്നാണു്.

മൂല്യബോധമില്ലാതെ വാണിജ്യമനോഭാവത്തിലേയ്ക്കു മാറിക്കൊണ്ടിരിക്കുന്ന അദ്ധ്യാപകവിഭാഗങ്ങളുൾപ്പെടെയു

ള്ള ഏററവും ഉയന്ന അക്കാഡമിക് വൃത്തങ്ങളിൽ അഴിമതി അസാധാരണമാംവിധം വർദ്ധിച്ചിരിക്കുന്നു. വിദ്യാത്ഥികൾക്കു് അദ്ധ്യാപകരോടും അക്കാഡമിക് അധികൃതരോടുമുള്ള ആദരത്തിനു സാരമായ കുറവു സംഭവിക്കാൻ ഇതു വഴി തെളിച്ചിട്ടുണ്ടു്. എല്ലാ മൂല്യബോധത്തെയും ദ്രവിപ്പിക്കുന്ന സുപ്രധാനമായ ഒരു നിഷേധാത്മകവശമാണിതു്. അഴിമതിക്കു പുറമേ മററു ദുഷ്ടശക്തികളും പ്രത്യേകിച്ചു് സ്കൂളുകളുടെയും കോളേജുകളുടേയും സർവ്വകലാശാലകളുടെയും അന്തരീക്ഷത്തെ അങ്ങേയററം മലിനപ്പെടുത്തുന്ന വർഗ്ഗീയതയും ജാതിചിന്തയും പ്രവത്തനരംഗത്തുണ്ടു്.

വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിദ്യാത്ഥിലഹളകളും, അതിവേഗത്തിൽ അധഃപതിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപക-വിദ്യാത്ഥിബന്ധവും നിമിത്തം സാധാരണഗതിയിലുള്ള അക്കാഡമിക് ജീവിതത്തിനു വർദ്ധിച്ച ശൈഥില്യം സംഭവിച്ചിരിക്കുന്നു. ഇന്നത്തെ മുഴുവൻ സാമൂഹിക-സാമ്പത്തികവ്യവസ്ഥിതിക്കും അതിൻെറ തെററായ മൂല്യങ്ങൾക്കും കാപട്യത്തിനും എതിരായ വിദ്യാത്ഥിസമൂഹത്തിൻെറ രോഷപ്രകടനമാണു വിദ്യാത്ഥിപ്രക്ഷോഭണം. നിലവിലിരിക്കുന്ന ജീർണ്ണിച്ച വിദ്യാഭ്യാസക്രമത്തെ നിരാകരിച്ചുകൊണ്ടു് തികച്ചും നൂതനമായ ഒരു വ്യവസ്ഥിതി വിദ്യാത്ഥികൾ ആവശ്യപ്പെടുന്നതോടേ വിദ്യാഭ്യാസരംഗത്തേയ്ക്കും ഈ കലാപം വ്യാപിക്കുന്നു. കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസമെന്ന ജനാധിപത്യപരവും നീതിയുക്തവുമായ ആവശ്യത്തിനുവേണ്ടി വിദ്യാർത്ഥികൾ സ്ഥാപിതതാൽപ്പര്യങ്ങൾക്കെതിരേ സമരം ചെയ്യുകയാണു്. ഇതിനു നിഷേധാത്മകമായ ചില വശങ്ങളുമുണ്ടു്. പലപ്പോഴും വിദ്യാർത്ഥികൾ സ്ഥാപിതതാല്പര്യക്കാരുടെയും പിൻതിരിപ്പന്മാരുടെയും ഉപജാപങ്ങൾക്കിരയായിത്തീൎന്നു് നശീകരണപ്രവത്തനങ്ങളിൽ ഏപ്പെടുന്നു. പരീക്ഷകളിൽ കൂട്ടംചേർന്നു കോപ്പിയടിക്കുക, പരീക്ഷകളുടെ നടത്തിപ്പു് അക്രമമാർഗ്ഗങ്ങളിലൂടെ തടസ്സപ്പെടുത്തുക തുടങ്ങിയവയും അനഭിലഷണീയങ്ങളായ ചില പ്രകടനങ്ങളാണു്. വിദ്യാത്ഥികൾക്കിടയിൽ പ്രവത്തിക്കുന്ന

തിൽ ഇടതുപക്ഷജനാധിപത്യപ്പാർട്ടികൾക്കും അവയെ പ്രതിനിധാനംചെയ്യുന്ന ശക്തികൾക്കും നേരിട്ട പരാജയമാണ് ഈ നിഷേധാത്മകപ്രവണതകൾക്കു കാരണം.

അദ്ധ്യാപനനിലവാരം രൂക്ഷമായ നിലയിൽ താണുപോയിട്ടുണ്ട്. ഇതിനുപുറമേ, ചില ഭേദപ്പെടുത്തലുകളും നവീകരണങ്ങളും നടന്നിട്ടുണ്ടെങ്കിലും വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കം അടിസ്ഥാനപരമായി പിന്നോക്കംതന്നെയാണ്. അശാസ്ത്രീയവും ജനാധിപത്യവിരുദ്ധവും സങ്കുചിതദേശീയവീക്ഷണത്താൽ പ്രേരിതവും ജിജ്ഞാസാനിരോധിയുമായ ആശയങ്ങളാണ് മിക്ക വിദ്യാഭ്യാസസ്ഥാപനങ്ങളിലേയും പാഠ്യപദ്ധതികളിൽ മുന്നിട്ടു നിൽക്കുന്നതു്. ഇതു് ഫാസിസ്റ്റനുകൂലാശയങ്ങൾ പ്രചരിപ്പിക്കുന്നതിനും വിദ്യാൎത്ഥിസമൂഹത്തെ വഴിതെററിക്കുന്നതിനും വൎഗ്ഗീയവും പിൻതിരിപ്പനുമായ ശക്തികൾക്കു് അനുകൂലപശ്ചാത്തലം ഒരുക്കിക്കൊടുക്കുന്നു. പല വിധത്തിലുള്ള ഫൗണ്ടേഷനുകളിലൂടെ അക്കാഡമിക് മണ്ഡലത്തിലേയ്ക്കുള്ള പുതു കോളനിപ്രസ്ഥാനത്തിൻെറ, പ്രത്യേകിച്ചും അമേരിക്കയുടെ, നുഴഞ്ഞുകയററം വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തെ പിന്നെയും പിന്തിരിപ്പനാക്കിക്കൊണ്ടിരിക്കുകയാണ്.

പരിശീലനം സിദ്ധിച്ച അദ്ധ്യാപനശക്തിയെന്ന സാമൂഹികാവശ്യത്തിൻെറ മുൻപിൽ ഇന്നത്തെ കോഴ്സുകൾ അമ്പേ പഴഞ്ചനും അപ്രസക്തവുമാണ്. കാലം തെററിയ പാഠ്യപദ്ധതികൾ; വിദ്യാൎത്ഥിയുടെ സൎഗ്ഗതാല്പര്യത്തെയോ യുക്തിവിചാരശക്തിയേയോ വികസിപ്പിക്കാൻ ഒന്നും ചെയ്യാത്ത, വന്ധ്യമായ അദ്ധ്യാപനരീതികൾ. പരീക്ഷകളാകട്ടെ വിദ്യാൎത്ഥികളുടെ വിജ്ഞാനത്തെയും ബുദ്ധിപരമായ കഴിവുകളെയും പരിശോധിച്ചറിയാനുള്ള വളരെ മോശപ്പെട്ടതും അപര്യാപ്തവുമായ ഉപാധികളാണ്.

മുകളിൽപ്പറഞ്ഞ ഘടകങ്ങളെല്ലാം ഒത്തുചേന്നതിൻെറ ഫലമായി വിദ്യാഭ്യാസസമ്പ്രദായത്തിലെ പ്രതിസന്ധി ഇന്നൊരു പൊട്ടിത്തെറിയുടെ വക്കിലെത്തിയിരിക്കുന്നു; ഈ

സമ്പ്രദായം മിക്കവാറും തകൎന്നുവീഴാറായിരിക്കുന്നു. വിദ്യാൎത്ഥിക്ക് ഇന്നത്തെ വിദ്യാഭ്യാസം പ്രയോജനശൂന്യവും ജീവിതഭദ്രതയ്ക്കുറപ്പു നൽകാത്തതുമായ ഒരേൎപ്പാടാണ്. അദ്ധ്യാപകനാകട്ടെ അതു പണമുണ്ടാക്കാനുള്ള കൂലിപ്പണിയല്ലാതെ മറെറാന്നുമല്ല. വിദ്യാഭ്യാസസ്ഥാപനങ്ങൾ ആവൎത്തിച്ച് അനിശ്ചിതകാലത്തേയ്ക്കു് അടച്ചിടുന്നതിനു് ഇടയാക്കുന്ന വിധത്തിൽ വിദ്യാലയാങ്കണങ്ങളിൽ അക്രമം വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. പരീക്ഷകൾ നടത്താൻ കഴിയുന്നില്ല; നടത്തിയാൽത്തന്നെ പരീക്ഷാഹാളുകളിലെ കൂട്ടക്കോപ്പിയടികളും പണമിടപാടുകളും നിമിത്തം അതു് ഒരു പ്രഹസനമായധഃപതിക്കുന്നു. അങ്ങനെ ഭൗതികമായി നോക്കിയാലും ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം അക്ഷരാൎത്ഥത്തിൽ തകൎന്നുകൊണ്ടിരിക്കുകയാണ്.

## ജനാധിപത്യപരവും ശാസ്ത്രീയവുമായ പുതിയ വിദ്യാഭ്യാസപദ്ധതിക്കുവേണ്ടിയുള്ള സമരം

**വിദ്യാഭ്യാസത്തിൻെറ വീക്ഷണവും ഉള്ളടക്കവും—** ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ അടിസ്ഥാനപരമായ ഒരു പരിവൎത്തനം—അതിൻെറ ഉള്ളടക്കത്തിലും ഘടനയിലും, അതു പ്രദാനം ചെയ്യുന്ന മൂല്യസംവിധാനത്തിലും സമഗ്രമായ ഒരു മാററം—ഇന്ത്യൻ സാഹചൎയ്യങ്ങളിൽ ആവശ്യമാണെന്നു് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാൎട്ടി വിശ്വസിക്കുന്നു. പ്രതിസന്ധി മുററിനിൽക്കുന്ന ഇന്നത്തെ ബൂഷ്വാ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ സ്ഥാനത്തു് ഒരു ദേശീയ ജനാധിപത്യ ശാസ്ത്രീയ വിദ്യാഭ്യാസരീതി നടപ്പാക്കണം. അതു ദേശീയമായിരിക്കണമെന്നു പറഞ്ഞാൽ, രാജ്യത്തിൻെറ ദേശീയമായ ആവശ്യകതകൾക്കും അഭിലാഷങ്ങൾക്കും ഉല്പാദനയത്നങ്ങൾക്കും അനുസൃതമായി സജ്ജമാക്കപ്പെട്ടതായിരിക്കണമെന്നർത്ഥം. അതു ജനാധിപത്യപരമായിരിക്കേണ്ടതു്, പദവി, സ്ഥാനം, മാന്യത, സ്ത്രീപുരുഷഭേദം, ജാതി, മതം എന്നിവയ്ക്കതീതമായി രാജ്യത്തെ ഓരോ പൗരനും പൊതു

വായ ഒരൊററ ദേശീയവിദ്യാഭ്യാസപദ്ധതിയിലൂടെ സമ്പൂ ൎണ്ണവും തുല്യവുമായ സൗകൎയ്യങ്ങൾ നൽകപ്പെടാൻ കഴിയണ മെന്നതുകൊണ്ടാണു്. ശാസ്ത്രത്തിൻെറയും ടെക്നോളജിയു ടെയും പഠനത്തിനു പ്രാധാന്യം ലഭിക്കുകയും, വൎഗ്ഗീയത, പ്രാദേശികത്വം, ജാതിചിന്ത, സങ്കുചിത ദേശാഭിമാനം തുടങ്ങിയവയുടെ മുൻവിധികളിൽനിന്നു വിമുക്തമായ ഒരു ശാസ്ത്രീയമനോഭാവം ജീവിതത്തിൻെറ നേക്കു് വിദ്യാഭ്യാസ ത്തിലൂടെ അഭ്യസ്തവിദ്യൎക്കു കൈവരുകയും, മനുഷ്യനും മനു ഷ്യനും തമ്മിലുള്ള സാഹോദൎയ്യം വികസിക്കുകയും ചെയ്യുമാ റു് അതു് ശാസ്ത്രീയവുമായിരിക്കണം.

ഇതെല്ലാം വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിൽ മൗലി കമായ മാററം ആവശ്യപ്പെടുന്നു. ഈ മാററം രണ്ടു വഴിക്കാ യിരിക്കണം.

**ഒന്നാമത്തേതു്** --ആശയപരമായ വശമാണു്. ഇന്ത്യ യിലെ വിദ്യാഭ്യാസം ഒററപ്പെട്ട വ്യക്തികളിലല്ല സൃഷ്ടിക്കേ ണ്ടതു്; മറിച്ചു് അദ്ധ്വാനത്തോടു് ആദരം നിറഞ്ഞവരും, സ്വരാജ്യസ്നേഹം, സാമ്രാജ്യവിരോധം, മതേതരത്വം, ദേശീ യൈക്യം, ജനാധിപത്യം, സോഷ്യലിസം എന്നീ അംഗീകൃത ദേശീയാദൎശങ്ങളാൽ പ്രചോദിതരും, വൎഗ്ഗീയത, പ്രാദേ ശികത്വം, ജാതിചിന്ത തുടങ്ങിയ ദേശീയ വിരുദ്ധചിന്തക ളുടെ കറുത്ത ശക്തികൾക്കും യാഥാസ്ഥിതികത്വം, നിശ്ചല തത്വവാദം, അന്ധവിശ്വാസം എന്നിവയ്ക്കുമെതിരായി ദൃഢ നിശ്ചയത്തോടെ സമരം ചെയ്യുന്നവരുമായ യുവതീയുവാ ക്കന്മാരെയാണു് അതു സൃഷ്ടിക്കേണ്ടതു്. ഇതിനു്, തികച്ചും അശാസ്ത്രീയമായ പിന്തിരിപ്പൻ ആശയങ്ങൾ സാധാരണമാ യി പ്രചരിപ്പിക്കുന്ന പാഠപുസ്തകങ്ങളിലും പാഠ്യപദ്ധതി യിലും വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിലും ഉടനടി മൗലികമായ മാററം വരുത്തേണ്ടതു് ആവശ്യമാണു്.

അദ്ധ്യാപക-വിദ്യാൎത്ഥിപ്രസ്ഥാനങ്ങളുടെ പ്രതിനിധി കളും വിദഗ്ദ്ധന്മാരുമടങ്ങുന്ന, അൎഹതയുള്ള സമിതികൾ എല്ലാ നിലവാരത്തിലുംപെട്ട പാഠപുസ്തകങ്ങൾക്കു് ഈ കാഴ്ചപ്പാടിലൂടെ മേൽനോട്ടം വഹിക്കുകയും അവയെ സൂക്ഷ്മ

പരിശോധനയ്ക്കു വിഷയമാക്കുകയും വേണം. പാഠപുസ്തകങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കു് ഓരോ സംസ്ഥാനവും മേൽപ്പറഞ്ഞ രീതിയിൽ ഓരോ കമ്മീഷൻ സംഘടിപ്പിക്കേണ്ടതാണു്. ദേശീയവിരുദ്ധവും ജനാധിപത്യവിരുദ്ധവും സോവിയററുവിരുദ്ധവുമായ ആശയങ്ങൾ പ്രചരിപ്പിക്കുകയോ, അശാസ്ത്രീയവും വർഗ്ഗീയവുമായ ആശയങ്ങൾ ഉദ്ഘോഷിക്കുകയോ ചെയ്യുന്ന പാഠപുസ്തകങ്ങൾ തുടരാൻ അനുവദിച്ചുകൂടാ. സെക്കണ്ടറിഘട്ടം വരെയുള്ള പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കുകയും, അവ കുറഞ്ഞ വിലയ്ക്കു് വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുകയും വേണം. ഉന്നത വിദ്യാഭ്യാസഘട്ടത്തിൽ മാർക്സിസം–ലെനിനിസം അദ്ധ്യയനവിഷയമായുള്ള റഗുലർ കോഴ്സുകൾക്കു് ഏർപ്പാടുമുണ്ടാക്കണം.

ഉള്ളടക്കത്തിൽ വരുത്തേണ്ട മാററത്തിൻെറ **രണ്ടാമത്തെ** വശം വിദ്യാഭ്യാസത്തെ ഉല്പാദനപ്രക്രിയയോടു കൂടുതൽ അർപ്പിക്കുകയും, ശാസ്ത്രത്തിലും ടെക്നോളജിയിലും അതിനു കൂടുതൽ ആഭിമുഖ്യം ഉണ്ടാക്കുകയുമാണു്. വിദ്യാലയത്തെയും സമുദായത്തെയും ഒരുമിപ്പിക്കണം. ഈ വീക്ഷണകോണത്തിലൂടെ നോക്കുമ്പോൾ, എല്ലാ ഘട്ടങ്ങളിലും പാഠ്യപദ്ധതിയുടെ ഭാഗമായി തൊഴിൽപരിചയവും രാഷ്ട്രസേവനവും ഉൾക്കൊള്ളിക്കുന്നതിനു വലിയ പ്രാധാന്യമുണ്ടു്. ഏതെങ്കിലും കൈത്തൊഴിലിൽ വിദ്യാർത്ഥികൾക്കു പരിശീലനം നൽകുക മാത്രമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നതു്. കൃഷിയുടെയും വ്യവസായത്തിൻെറയും ഉല്പാദനത്തെസംബന്ധിച്ച ആധുനികപ്രക്രിയകൾ വിദ്യാർത്ഥികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിലാണു് തൊഴിൽപരിചയത്തിൻെറ പ്രാധാന്യം. വിദ്യാഭ്യാസത്തെ ഉല്പാദനത്തോടു ബന്ധപ്പെടുത്തുന്നതിലും, വിദ്യാർത്ഥികളെ കർഷകരും തൊഴിലാളികളുമായി അടുപ്പിക്കുന്നതിലും, അങ്ങനെ അദ്ധ്വാനത്തിൽ നിന്നു് വേറിട്ടുനിൽക്കുന്നതു് ഇല്ലാതാക്കുന്നതിലും, വിദ്യാർത്ഥികളിൽ അടിസ്ഥാനവർഗ്ഗങ്ങളുടെ താല്പര്യങ്ങളുമായി താദാത്മ്യം വളർത്തിയെടുക്കുന്നതിലും അതിപ്രധാനമായ ഒരു കാൽവയ്പാണിതു്.

## അവകാശങ്ങളുടെ വേദി

(1) **ബഹുജനങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസം**—ഇന്നു നിലവിലിരിക്കുന്ന വർഗ്ഗാധിഷ്ഠിതവും, സമൂഹത്തിലെ വിശിഷ്ടവിഭാഗങ്ങൾക്കു വേണ്ടിയുള്ളതുമായ വിദ്യാഭ്യാസത്തെ നിഷ്കാസനം ചെയ്തു്, തൽസ്ഥാനത്തു് ജനാധിപത്യപരവും ശാസ്ത്രീയവും ജനങ്ങൾക്കു വേണ്ടിയുള്ളതുമായ ഒരു വിദ്യാഭ്യാസക്രമം സ്ഥാപിക്കാനുള്ള മാററങ്ങൾ ആരംഭിക്കേണ്ടതു് പ്രാഥമികവിദ്യാഭ്യാസത്തിൻെറ അടിത്തറ വിപുലവും ശക്തവുമാക്കിക്കൊണ്ടുതന്നെയാവണം. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഇക്കാര്യത്തിനു് അങ്ങേയററം ഊന്നൽ കൊടുക്കുകയും പരമപ്രാധാന്യം കല്പിക്കുകയും ചെയ്യുന്നു.

നമ്മുടെ നാട്ടിലെ പ്രാഥമിക വിദ്യാഭ്യാസത്തിൻെറ ഇന്നത്തെ നില ദയനീയമാണു്. ഒട്ടുമിക്ക സ്കൂളുകളിലും കുട്ടികൾക്കു് ഏററവും കുറഞ്ഞ സൗകര്യംപോലുമില്ല (ഇരിക്കാനുള്ള ഏർപ്പാടുകൾപോലും ഇല്ല); സ്കൂളുകൾ വേണ്ടപോലെയല്ല നടത്തുന്നതു്; അസാധാരണമാംവിധം ഉയർന്നതാണു് അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള അനുപാതം; അദ്ധ്യാപകരുടെ ശമ്പളസ്കെയിലും സേവനവ്യവസ്ഥകളും നിരാശാജനകമാംവണ്ണം അസംതൃപ്തികരമാണു്. ആകയാൽ വിദ്യാഭ്യാസത്തിൻെറ വ്യാപ്തി വദ്ധിപ്പിക്കുന്നതോടൊപ്പം ഗുണവും മെച്ചപ്പെട്ടുത്തേണ്ടതുണ്ടു്. അതിൻെറ സുപ്രധാനഘടകങ്ങളിലൊന്നാണു് പ്രൈമറി അദ്ധ്യാപകരുടെ നില നന്നാക്കണമെന്നതു്.

8-ാംക്ലാസ്സുവരെയുള്ള എലിമെൻററി വിദ്യാഭ്യാസം ഉടനടി സൗജന്യവും സാർവ്വത്രികവുമാക്കണം. അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കു് വിദ്യാഭ്യാസം നൽകണമെന്നാണു് ഇതുകൊണ്ടു് അർത്ഥമാക്കുന്നതു് ഇതിനു പരമാവധി മുൻഗണന ലഭിക്കണം; ഇതിനു വേണ്ടിവരുന്ന സാമ്പത്തിക വിഹിതം ഏതു തരത്തിലെങ്കിലും ഗവണ്മെൻറുഭാഗത്തുനിന്നുണ്ടാവുകയും വേണം.

ഇവിടെയും നമുക്കു് രണ്ടു ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ടു്. 1-ാംക്ലാസ്സുമുതൽ 5-ാംക്ലാസ്സ് വരെ ഒന്നാം ഘട്ടം; 6 മുതൽ 8 വരെ രണ്ടാംഘട്ടം. കുട്ടികളിൽ നല്ലൊരു വിഭാഗം സാമ്പത്തികക്ലേശംകൊണ്ടുമാത്രം 5-ാംക്ലാസ്സോടുകൂടി വിദ്യാഭ്യാസം അവസാനിപ്പിക്കുന്നു (6 വയസ്സിനും 11 വയസ്സിനും ഇടയ്ക്കു്). അതിനാൽ എത്രമേൽ സാമ്പത്തികബാദ്ധ്യതയുണ്ടായാലും 6 വയസ്സുമുതൽ 11 വയസ്സ് വരെയുള്ള കുട്ടികളെ നൂറു ശതമാനവും സ്കൂളിൽ ചേൎക്കുകയും, ഇടയ്ക്കുവച്ചുള്ള പിരിഞ്ഞുപോകൽ ഏതുവിധത്തിലും തടയുകയും ചെയ്യുക എന്നതായിരിക്കും ഒന്നാംഘട്ടം. കിസാൻസഭകളും ട്രേഡ്യൂണിയനുകളും ഇക്കാൎയ്യത്തിൽ തങ്ങളുടെ പങ്കു നിൎവ്വഹിക്കണം. വിദ്യാഭ്യാസം സൗജന്യമായിരിക്കുന്നതിനു പുറമേ, പാഠപുസ്തകങ്ങൾ, ഉപകരണങ്ങൾ, പോഷകാംശമുള്ള മദ്ധ്യാഹ്നഭക്ഷണം എന്നിവയും നിൎദ്ധനവിദ്യാൎത്ഥികൾക്കു് സൗജന്യമായി നൽകേണ്ടതുണ്ടു്. ഗ്രാമപ്രദേശങ്ങളിൽ ശിശുസംരക്ഷണകേന്ദ്രങ്ങൾക്കുള്ള ഏൎപ്പാടുകളുണ്ടാകണം. ഈ ആദ്യഘട്ടം അഞ്ചാംപദ്ധതിയുടെ കാലയളവിൽത്തന്നെ പൂൎത്തിയാക്കുകയും, അതിനു വേണ്ട പണം ഗവണ്മെൻറു് കാലേക്കൂട്ടി വകയിരുത്തുകയും വേണം.

6 മുതൽ 8 വരെ ക്ലാസ്സുകളുൾക്കൊള്ളുന്ന (11 വയസ്സ് മുതൽ 14 വയസ്സ് വരെ) രണ്ടാംഘട്ടവും കഴിയുന്നത്ര നേരത്തേ പൂൎത്തിയാക്കേണ്ടതാണു്.

പ്രൈമറിവിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിലും മൗലികമായ മാററം വരുത്തേണ്ടതുണ്ടു്. അതും ഉടനേ ചെയ്യേണ്ടതാണുതാനും. ഫ്യൂഡലോ അതിനു മുമ്പുള്ളതോ ആയ ഭൂതകാലത്തെ ആദർശവൽക്കരിക്കുകയും, ഇന്നു സാധാരണ ഗതിയിൽ സംഭവിക്കാറുള്ളതുപോലെ അന്ധവിശ്വാസങ്ങളെ വളൎത്തുകയും ചെയ്യുന്നതിനുപകരം പ്രാഥമികഘട്ടത്തിൽ ത്തന്നെ കുട്ടികളിൽ ശാസ്ത്രീയവും ദേശാഭിമാനപരവും പുരോഗമനോന്മുഖവുമായ ഒരു വീക്ഷണഗതി വികസിപ്പിച്ചുകൊണ്ടുവരേണ്ടതാണു്. നാട്ടിൻപുറങ്ങളിലെ പ്രൈമറിവിദ്യാ

ലയങ്ങളുടെ കാര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം ഗ്രാമജീവിതത്തോടും മാററം വന്നുകൊണ്ടിരിക്കുന്ന ഗ്രാമങ്ങളിലെ കാർഷികാവശ്യങ്ങളോടും ബന്ധപ്പെട്ടതായിരിക്കണം.

എല്ലാമായാലും പണത്തിന്റെ ഞെരുക്കം കൊണ്ടുമാത്രം റഗുലർ സ്കൂളുകളിൽ ചേരാൻ കഴിയാതെ വരുന്ന കുട്ടികൾക്കു് പാർട്ട്ടൈമായും ഓഫ് ടൈമായുമുള്ള വിദ്യാഭ്യാസത്തിനു് വ്യവസ്ഥയുണ്ടായിരിക്കണം. അതിനാൽ, മുഴുവൻ സമയവും ഉപയോഗപ്പെടുത്തി വിദ്യാഭ്യാസം ചെയ്യാൻ കഴിയാതെ ജോലിയിലേർപ്പെട്ടിരിക്കുന്ന കുട്ടികളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടു് ബൃഹത്തായ ഒരു പാർട്ട്ടൈം വിദ്യാഭ്യാസപദ്ധതി ഗവണ്മെന്റു് അംഗീകരിക്കേണ്ടിയിരിക്കുന്നു. വിവിധ ഘട്ടങ്ങളിൽ പ്രവേശിക്കാൻ ഏർപ്പാടുമുണ്ടായിരിക്കണം. ഏററവും പാവപ്പെട്ട നിലയിലുള്ള കുട്ടികൾക്കുവേണ്ടി പ്രീ-പ്രൈമറി വിദ്യാഭ്യാസവും വൻതോതിൽ ആവിഷ്കരിക്കേണ്ടതു് ആവശ്യമായിവരും. ഇതുവരെ നഴ്സറി-കിൻറർ ഗാർട്ടൻ സ്കൂളുകൾ നഗരത്തിലെ ഉന്നതവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ കുത്തകയായിരുന്നു. പാവപ്പെട്ട കുട്ടികൾക്കു് പ്രയോജനപ്പെടത്തക്കവണ്ണം നഴ്സറി സ്കൂളുകളും കിൻറർഗാർട്ടൻ സ്കൂളുകളും തുടങ്ങാൻ ഗവണ്മെന്റു് മുന്നോട്ടു വരണം.

ഇന്ത്യയിൽ ഇന്നു് സ്വകാര്യ ഏജൻസികൾ നടത്തുന്ന ഒട്ടേറെ പബ്ളിക് സ്കൂളുകളുണ്ടു്. അവിടെയാണു് ധനാഢ്യവിഭാഗത്തിലെ കുട്ടികൾ പഠിക്കുന്നതു്. ട്യൂഷൻ ഫീസിന്റെ ഉയർന്നനിരക്കുകൊണ്ടും സാഹചര്യങ്ങളുടെ മററു പരിമിതികൾകൊണ്ടും സാമാന്യജനങ്ങൾക്കുമുൻപിൽ ഇവയുടെ വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുകയാണു്. ഈ സ്ഥാപനങ്ങൾ ഇന്നു നിലവിലുള്ള വിശിഷ്ടവിഭാഗപ്രവണതയെ ഒന്നുകൂടി ദൃഢപ്പെടുത്തുകയും ദേശീയതയ്ക്കു ഹാനികരമായ ഒരുതരം സംസ്കാരത്തെ പെററുവളർത്തുകയും ചെയ്യുന്നു. കഴിയുന്നതുംവേഗം ഈ സമ്പ്രദായം അവസാനിപ്പിക്കാൻ സന്ധിയില്ലാത്ത സമരം അഴിച്ചുവിടേണ്ടതാണു്. ജനാധിപത്യ

വിശ്വാസിയോ പുരോഗമനവാദിയോ ആയ ഒരാൾപോലും സ്വന്തം കുട്ടികളെ ഇത്തരം സ്കൂളുകളിലയയ്ക്കരുത്. ജനാധിപത്യവിരുദ്ധമായ ഈ സമ്പ്രദായത്തിനെതിരേ ശക്തമായ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അനന്യസാധാരണമായ ഒരു പങ്കുവഹിക്കാനുണ്ട്.

വിദ്യാഭ്യാസക്കമ്മീഷൻ നിർദ്ദേശിച്ചതരത്തിലുള്ള 'നെയ്ബർഹുഡ് സ്കൂൾ സമ്പ്രദായം' (പരസ്പരസാമീപ്യമെന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ പ്രവേശനം അനുവദിക്കുന്ന പൊതുവിദ്യാലയസമ്പ്രദായം) പെട്ടെന്നുതന്നെ നടപ്പിലാക്കേണ്ടതാണ്. ഇതിലേയ്ക്ക്, സ്കൂളുകളുടെ നിർബന്ധിതമായ രജിസ്ട്രേഷൻ, പൊതുചട്ടങ്ങളുടെ പാലനം മുതലായവ പ്രാബല്യത്തിൽ വരുത്താനാവശ്യമായ നിയമനിർമ്മാണനടപടികൾ സ്വീകരിക്കണം. വിദ്യാഭ്യാസമന്ത്രികാര്യാലയവും കേന്ദ്ര വിദ്യാഭ്യാസോപദേശകസമിതിയും പ്രൈമറി ഘട്ടം മുതൽ യൂണിവേഴ്സിററി ഘട്ടംവരെ "മാതൃകാ" സ്ഥാപനങ്ങൾ ഏർപ്പെടുത്തണമെന്നു നിർദ്ദേശിച്ചിട്ടുള്ളതു് നിർഭാഗ്യകരമാണ്. ജനാധിപത്യവിരുദ്ധമായ ഇന്നത്തെ വിശിഷ്ടവിഭാഗപ്രവണതയെ ഇനിയും ശക്തിപ്പെടുത്തുമെന്നതിനാൽ ഇതിനെ എതിർക്കേണ്ടതുണ്ട്.

വിദ്യാഭ്യാസം ജനസാമാന്യത്തിനുള്ളതാകണമെങ്കിൽ അതിൻെറ എല്ലാ ഘട്ടങ്ങളിലും സ്കോളർഷിപ്പുകളുടേയും സ്റ്റൈപ്പൻഡുകളുടെയും വ്യാപകമായ ഒരു പദ്ധതി നിലവിൽ വരണം. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പുറമേ, താഴ്ന്നവരുമാനക്കാരുടെ കുട്ടികൾക്കും വിദ്യാഭ്യാസ സൗജന്യം അനുവദിക്കേണ്ടതാണ്. നെയ്ബർഹുഡ് സ്കൂളുകളുടെ കാര്യത്തിൽ പാവപ്പെട്ടവരുടെ കുട്ടികൾക്കു മററു സൗകര്യങ്ങളോടൊപ്പം സൗജന്യയൂണിഫോറവും നൽകണം.

സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഭക്ഷണം നൽകുന്ന, വേണ്ടത്ര ഹോസ്റ്റൽ–കാൻറീൻ സൗകര്യങ്ങളും, പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ എന്നിവ കുറഞ്ഞവിലയ്ക്കു കൊടു

ക്കാനുള്ള ഏർപ്പാടുകളും ഉണ്ടാക്കുന്നതിൽ ശ്രദ്ധവയ്ക്കണം. ലൈബ്രറി-ലാബറട്ടറി-സ്പോർട്ട്സ് സൗകര്യങ്ങൾ വിപുലമായതോതിൽ വികസിപ്പിക്കേണ്ടതുണ്ട്.

6 വയസ്സുമുതൽ 11 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കു വേണ്ടി പ്രൈമറിവിദ്യാഭ്യാസം ഉടനടി സാർവത്രികമാക്കാനും, പ്രായപൂർത്തിയെത്തിയ നിരക്ഷരക്കു വിദ്യാഭ്യാസം നൽകാനുമുള്ള ചുമതല പ്രാഥമികമായും ഗവണ്മെൻറിനു തന്നെയാണ്. ഇതിനുവേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തുകയും വേണം. എന്നാൽ, ഇക്കാര്യത്തിൽ ജനാധിപത്യ ബഹുജനസംഘടനകളുടെ പങ്കും വളരെ വലുതാണ്. കിസാൻസഭകളും ട്രേഡ്‌യൂണിയനുകളും അദ്ധ്യാപക-വിദ്യാർത്ഥിസംഘടനകളും സ്വതന്ത്രമായും, സർക്കാർ ഏജൻസികളുമായി സഹകരിച്ചും വൻപിച്ച ഒരു സാക്ഷരതാപ്രസ്ഥാനം കെട്ടിപ്പടുക്കണം. അദ്ധ്യാപകസംഘടനകൾ സാക്ഷരതാ അദ്ധ്യാപകർക്കു പരിശീലനം നൽകുകയും, സാക്ഷരതാ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുക്കുന്നതിന് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംഘടിപ്പിക്കുകയും വേണം. തങ്ങളുടെ കർത്തവ്യത്തിൻെറ ഭാഗമെന്നനിലയിൽ ഈ പ്രസ്ഥാനത്തിൽ പങ്കെടുക്കാൻ ഒഴിവുകാലത്ത് വിദ്യാർത്ഥികളെയും ഇതിൽ കൂട്ടേണ്ടതാണ്.

തൊഴിലാളികൾക്കും കർഷകർക്കുമിടയിൽ സാമൂഹികവും രാഷ്ട്രീയവുമായ വിജ്ഞാനംപകരാൻ ഈ സാക്ഷരതാ പ്രസ്ഥാനം അവസരമുണ്ടാക്കണം; ജനസാമാന്യത്തിനിടയിൽ മതേതരത്വം, ജനാധിപത്യം, ദേശീയൈക്യം, സോഷ്യലിസം എന്നിവ പ്രചരിപ്പിക്കാനുള്ള ആശയസമരങ്ങളുമായി ഈ പ്രസ്ഥാനത്തെ ബന്ധിപ്പിക്കുകയും വേണം.

**(2) വിദ്യാഭ്യാസത്തിൻെറ ഘടനയും ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പ്രവൃത്ത്യധിഷ്ഠിതമാക്കലും**—എല്ലാ വിദ്യാർത്ഥികൾക്കും പത്തുവർഷത്തെ സാമാന്യവിദ്യാഭ്യാസം, തുടർന്നു ഹയർ സെക്കണ്ടറിഘട്ടത്തിൽ രണ്ടുവർഷത്തേയ്ക്കു കഴിവും വാസനയുമനുസരിച്ചു പല ചാലുകളിലായുള്ള വിവിധവിഷയ പഠനം, പിന്നെ മൂന്നുവർഷത്തെ കലാശാലാ

വിദ്യാഭ്യാസം (10+2+3) എന്നിങ്ങനെ കേന്ദ്ര വിദ്യാഭ്യാസവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ഘടന അടിസ്ഥാനപരമായി നല്ലതുതന്നെ. മാറിയ ഉള്ളടക്കവുമായി ഇതിനു നേരിട്ടു ബന്ധമുണ്ട്; ഇതു് രൂപസംവിധാനത്തിൽ മാത്രമുള്ള മാററമല്ല. എന്നാൽ, ഇതു നടപ്പിലാക്കണമെങ്കിൽ, ശരിയായരീതിയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും, വിദ്യാഭ്യാസാവശ്യത്തിനുവേണ്ടിയുള്ള വിഹിതധനത്തിൻെറ പുനഃക്രമീകരണത്തിനും കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

ഹയർസെക്കണ്ടറിതലത്തിൽ മുഖ്യമായ രണ്ടു ചാലുകളുണ്ടായിരിക്കണം. അവയിൽ ആദ്യത്തേതു് സർവ്വകലാശാലാപഠനത്തിനു വിദ്യാർത്ഥികളെ സജ്ജരാക്കുന്നതും, കണക്ക്, ഭൗതികശാസ്ത്രം, മാനവീയവിഷയങ്ങൾ, സാമൂഹികശാസ്ത്രം എന്നിവയുൾപ്പെടെ പല ഐച്ഛികവിഷയങ്ങൾ ഉൾക്കൊള്ളുന്നതുമായിരിക്കേണ്ടതാണ്. രണ്ടാമത്തേതു് പ്രവൃത്ത്യധിഷ്ഠിതമാകണം; കാർഷികവും വ്യാവസായികവും പൊതുസേവനപരവുമായ മേഖലകളിൽ പ്രവൃത്തിയെടുക്കുന്നതിനും സ്വന്തമായി തൊഴിൽകണ്ടെത്തുന്ന വിവിധപരിപാടികളിൽ ഏർപ്പെടുന്നതിനും വിദ്യാർത്ഥികളെ ഇതു പ്രാപ്തരാക്കണം.

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ വലിയ ഒരു ന്യൂനത അതു്, തുല്യമായ അകലത്തിൽ മുട്ടുകളുള്ള മുളപോലെ, എം. എ/എം. എസ്‌സി./എം.കോം./എൽ. എൽ. എം. തുടങ്ങിയ ബിരുദങ്ങളിൽ നമ്മുടെ വിദ്യാർത്ഥികളെ നേരേ കൊണ്ടെത്തിക്കുന്നു എന്നതാണ്. തായ്ത്തടിയുടെ എല്ലാ ഭാഗങ്ങളിൽനിന്നും ചില്ലകൾ പൊട്ടിപ്പുറപ്പെട്ട് ശാഖോപശാഖയായി വളരുന്ന ഒരു വൃക്ഷമാണു നമുക്ക് ആവശ്യം. അഞ്ചാംപഞ്ചവത്സരപദ്ധതിയെസംബന്ധിച്ച ഗവണ്മെൻറിൻെറ പ്രമാണരേഖയിൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം തൊഴിൽ പരിശീലനത്തിൽ അധിഷ്ഠിതമായിരിക്കണമെന്നു് ഊന്നിപ്പറയുന്ന നവീനാശയം തത്വത്തിൽ ശരിതന്നെ. എന്നാൽ, പ്രയോഗതലത്തിൽ ഇതു നടപ്പിലാക്കണ

മെങ്കിൽ കാർഷികവും വ്യാവസായികവുമായ പോളിടെക്ൻനിക്കുകളുടെ എണ്ണം ഗണ്യമായി വർദ്ധിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. നമ്മുടെ ജനങ്ങളിൽ 70 ശതമാനത്തോളം കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. വ്യവസായവൽക്കരണത്തിൻെറ ഗതിവേഗം കൂടിയാൽപ്പോലും കൃഷികൊണ്ടു് ഉപജീവനം നടത്തുന്നവരുടെ എണ്ണം അടുത്ത ദശകങ്ങളിലെങ്ങും കുറയാൻ പോകുന്നില്ലതന്നെ. ആകയാൽ സ്ക്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തുവരുന്ന നമ്മുടെ വിദ്യാർത്ഥികളിൽ 50 ശതമാനത്തെയെങ്കിലും മെച്ചപ്പെട്ട കർഷകരാക്കാൻ ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസസമ്പ്രദായം സംവിധാനംചെയ്യുന്നതു യുക്തിപൂർവ്വകമായിരിക്കും. അത്തരം സ്ഥാപനങ്ങൾ നാട്ടിൻപുറങ്ങളിലാണു് ഉണ്ടാകേണ്ടതെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. അതുപോലെ ഒട്ടധികം വ്യാവസായികപോളിടെക്ൻനിക് സ്ഥാപനങ്ങൾ പട്ടണങ്ങളിലെ വ്യവസായമേഖലകളിൽ ഉണ്ടാകേണ്ടതും ആവശ്യമാണു്.

രണ്ടുകൊല്ലത്തെ ഹയർ സെക്കണ്ടറിവിദ്യാഭ്യാസം സ്ക്കൂൾ വിദ്യാഭ്യാസത്തിൻെറ ഭാഗമാവുകയാണോ കോളേജുവിദ്യാഭ്യാസത്തിൻെറ ഭാഗമാവുകയാണോ വേണ്ടതു് എന്നൊരു തക്കമുണ്ടു്. തത്വത്തിൽ അതു സ്ക്കൂൾവിദ്യാഭ്യാസത്തിൻെറ ഭാഗമാണു്. അവിടെ പരീക്ഷകൾ നടത്തുന്നതിനും ഭരണകാര്യങ്ങൾ നോക്കുന്നതിനും പുതിയ ബോർഡുകൾ രൂപവൽക്കരിക്കേണ്ടതുണ്ടു്. നല്ല നിലവാരവും വേണ്ടത്ര സാമഗ്രികളുമുള്ള ഇന്നത്തെ ചില ഹയർ സെക്കണ്ടറിസ്ഥാപനങ്ങൾക്കു് ഇതിൻെറ ചുമതല ഏറെറടുക്കാൻ കഴിയുമെങ്കിലും, സന്ദർഭത്തിൻെറ യാഥാർത്ഥ്യവും മററുസാദ്ധ്യതകളുംവച്ചുനോക്കിയാൽ ഈ പ്രശ്നം കൈകാര്യംചെയ്യാനുള്ള കൂടുതൽ മെച്ചപ്പെട്ട നില കോളേജുകൾക്കാണെന്നു കാണാം.

ഈ പരിപാടിയനുസരിച്ചു് ഹയർ സെക്കണ്ടറിവിദ്യാഭ്യാസം ഏറെ വിദ്യാർത്ഥികൾക്കും അന്തിമഘട്ടമായിരിക്കും. എന്നാൽ, കോളേജുവിദ്യാഭ്യാസത്തിനുപോകുന്നവക്കു്,

പുതിയ സമീപനമനുസരിച്ച്, താഴെപ്പറയുന്ന ചാലുകൾ തുറന്നുകിട്ടേണ്ടതാണ്:

എ. കാർഷികകാര്യങ്ങളുമായി ബന്ധമുള്ള ജീവ ശാസ്ത്രം,

ബി. വ്യാവസായികകാര്യങ്ങളുമായി ബന്ധമുള്ള സാമാന്യശാസ്ത്രം,

സി. ഭാഷയും സാഹിത്യവും,

ഡി. ഭൂമിശാസ്ത്രവും ചരിത്രവുമായി ബന്ധമുള്ള സാമൂഹികശാസ്ത്രം,

ഇ. ടൈപ്പ്റൈററിംഗ്, ചുരുക്കെഴുത്ത്, സെക്രട്ടേറിയററ് പരിശീലനം, വില്പനത്തൊഴിൽ മുതലായ പ്രത്യേക വിഷയങ്ങളോടുകൂടിയ പ്രയുക്ത ധനതത്വശാസ്ത്രവും ആസൂത്രണവും വാണിജ്യകാര്യവും.

കാർഷികകോളേജുകളുടെയും എൻജിനീയറിംഗ് കോളേജുകളുടെയും എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകേണ്ടതും ആവശ്യമാണ്.

**(3) വിദ്യാഭ്യാസവും തൊഴിലും മനുഷ്യശക്തിയുടെ ആസൂത്രണവും:** ഉൽപ്പാദനപ്രക്രിയയുമായി ബന്ധമൊന്നുമില്ലാത്ത ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ നാട്ടിൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരെ ലക്ഷക്കണക്കിനു സൃഷ്ടിച്ചിരിക്കുന്നു. ഇന്നു നമ്മുടെ രാജ്യത്തു തൊഴിലില്ലാത്ത വിദ്യാസമ്പന്നരുടെ ഒരു വിസ്ഫോടനംതന്നെയുണ്ട്. ഈ സ്ഥിതി തീർച്ചയായും മാറേണ്ടതാണ്. തൊഴിലില്ലായ്മ മുതലാളിത്തത്തിന്റെ അനിവാര്യസന്തതിയാകയാൽ അതു നിശ്ശേഷം ഇല്ലാതാക്കുവാൻ ഇന്നത്തെ സാമൂഹിക–സാമ്പത്തികവ്യവസ്ഥിതിക്കു മൗലികമായ പരിവർത്തനം ഉണ്ടാവുകതന്നെ വേണം. എന്നാൽ, ഇന്നത്തെ ചട്ടക്കൂട്ടിൽത്തന്നെ, വിവിധമേഖലകൾതമ്മിലുള്ള വിഭവവിഭജനം വേണ്ടവിധത്തിലാക്കിക്കൊണ്ടും, അടിസ്ഥാനസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായങ്ങളിൽ മൂലധനം കേന്ദ്രീകരിച്ചുകൊണ്ടും, അല്ലാതെയുള്ള വ്യവസായങ്ങളിൽ

പ്രധാനമായും കായികാദ്ധ്വാനത്തെ സാന്ദ്രമായുപയോഗപ്പെടുത്തുന്ന ഉല്പാദനരീതി അവലംബിച്ചുകൊണ്ടും, പര്യാപ്തമായ സാമ്പത്തികവികാസവും തൊഴിലില്ലായ്മയ്ക്കു ഗണ്യമായ കുറവും ഉറപ്പുവരുത്തുന്ന ഒരു വികസനതന്ത്രം പ്രാവർത്തികമാക്കാവുന്നതാണ്.

5-ാംക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം 1979-ാമാണ്ടോടുകൂടിയും, 8-ാംക്ലാസ്സുവരെയുള്ളതു് അതിനുശേഷം കഴിയുന്നത്ര നേരത്തേയും സാർവ്വത്രികവും സൗജന്യവുമാക്കണമെന്നുള്ള പരിപാടിതന്നെ ആയിരക്കണക്കിനു് അഭ്യസ്തവിദ്യർക്കു തൊഴിൽ നൽകാൻ സഹായകമാകും. വിദ്യാഭ്യാസത്തിന്റെയും മനുഷ്യശക്തിയുടെയും ആസൂത്രണങ്ങൾ പരസ്പരം സമന്വയിപ്പിക്കാവുന്നതും, തൽഫലമായി വിവിധ വിശേഷവൈദഗ്ദ്ധ്യങ്ങൾക്കുവേണ്ടിയുള്ള ആവശ്യകതകൾ നിറവേററിക്കൊടുക്കാൻ വിദ്യാഭ്യാസസമ്പ്രദായത്തിനു കഴിയാവുന്നതുമാണ്.

എന്നാൽ, മനുഷ്യശക്തിയുടെ ആസൂത്രണത്തിന്റെ പേരിൽ ഉന്നതവിദ്യാഭ്യാസത്തിൽ തോന്നിയപോലുള്ള നിയന്ത്രണം ഏർപ്പെടുത്താനോ, സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം വെട്ടിച്ചുരുക്കാനോ പാടില്ല. വേണ്ടത്ര പരിശീലനം നേടിയവരെക്കൊണ്ടു് കാർഷികവും വ്യാവസായികവുമായ ഉല്പാദനം വൻപിച്ചതോതിൽ വർദ്ധിപ്പിക്കുകയും പ്രൈമറിതലത്തിലെ വിദ്യാഭ്യാസം വിപുലമായി വികസിപ്പിക്കുകയും ചെയ്യുക ഇന്ത്യയുടെ ഇന്നത്തെ ആവശ്യമാണ്. ആകയാൽ, വിദ്യാഭ്യാസാസൂത്രണത്തെ സാമ്പത്തികാസൂത്രണവുമായി വേണ്ടപോലെ ബന്ധിപ്പിച്ചുകൊണ്ടു്, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെന്ന ഭൂതത്തിനെതിരേ ഫലപ്രദമായി സമരംചെയ്യാൻ കഴിയാത്തതിനു കാരണമൊന്നുമില്ല.

ഭാവിയിൽ ആവശ്യമായിവരുന്ന മനുഷ്യശക്തിക്കനുസൃതമായിരിക്കണം ഉന്നതവിദ്യാഭ്യാസത്തിന്റെ വികാസം ആസൂത്രണംചെയ്യേണ്ടതു്. വിജ്ഞാനത്തിന്റെയും ദേശീ

യപ്രവത്തനത്തിൻെറയും വിവിധമേഖലകളിലേയ്ക്കു് ആവശ്യമുള്ളത്ര ഭാരവാഹികളെയും വിദഗ്ദ്ധന്മാരെയും വാർത്തെടുക്കുകയായിരിക്കണം യൂണിവേഴ്സിററിവിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. അതിനായുള്ള കോഴ്സുകൾക്കു് യോഗ്യരായവരെ ടെസ്റ്റ്കൾ നടത്തി തിരഞ്ഞെടുക്കേണ്ടതാണു്. ഉന്നതവിദ്യാഭ്യാസം നേടുന്നവർ സമൂഹത്തിൽ വിശേഷാനുകൂല്യം അനുഭവിക്കുന്ന കുറച്ചുപേർ മാത്രമാകരുതു്. ഓരോ കോഴ്സിലേയ്ക്കും വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെടുന്നതു് അഭിരുചിയുടെയും ബുദ്ധിപരമായ കഴിവിൻെറയും അടിസ്ഥാനത്തിലായിരിക്കണം; സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിലാകാൻ പാടില്ല. സംഭാവനകളും കോഴകളും നിർത്തലാക്കണം. പ്രവൃത്ത്യധിഷ്ഠിതവും തൊഴിൽപരവുമായ കോഴ്സുകൾ സാധാരണ അക്കാഡമിക് കോഴ്സുകളെ അപേക്ഷിച്ചു് തരംതാണതാണെന്ന തെററായധാരണയ്ക്കെതിരേ വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തേണ്ടതുമാണു്.

**(4) അദ്ധ്യയനമാദ്ധ്യമം:** വിദ്യാഭ്യാസത്തിൻെറ ജനാധിപത്യവൽക്കരണമെന്ന ലക്ഷ്യത്തിലെത്താൻ എല്ലാഘട്ടങ്ങളിലും മാതൃഭാഷ അദ്ധ്യയനമാദ്ധ്യമമാകേണ്ടതു് തീർത്തും ആവശ്യമാണു്. മാതൃഭാഷയിലേയ്ക്കു മാദ്ധ്യമം മാറുമ്പോൾ പാഠപുസ്തകങ്ങളുടെ ദൗർലഭ്യം, സാങ്കേതികപദാവലിയുടെ കാര്യം മുതലായ പ്രയാസങ്ങൾ ഉണ്ടാകുമെന്നിരുന്നാലും, ഈ മാററത്തിനുവേണ്ടിയുള്ള ശ്രമം അടിയന്തിരമായി കൈക്കൊള്ളേണ്ടതുണ്ടു്. ഒരു പ്രദേശത്തെ സാമാന്യം വലിയ ഭാഷാന്യൂനപക്ഷങ്ങൾക്കും തങ്ങളുടെ മാതൃഭാഷ അദ്ധ്യയനമാദ്ധ്യമമാക്കുന്നതിനുവേണ്ട സൗകര്യം നിശ്ചയമായും ഉണ്ടായിരിക്കണം. മാദ്ധ്യമം മാറിക്കൊണ്ടിരിക്കുന്ന അന്തരാളഘട്ടത്തിൽ ബിരുദാനന്തരപാഠതലത്തിൽ തൽകാലമാദ്ധ്യമമായി ഇംഗ്ലീഷ് തുടരാവുന്നതാണു്.

കഴിയുന്നതും വേഗം എല്ലാ തലങ്ങളിലും മാതൃഭാഷ അദ്ധ്യയനമാധ്യമമാക്കുക എന്ന ലക്ഷ്യം നേടാൻ ഭാഷാന്തരീകരണത്തിനും അദ്ധ്യാപകപരിശീലനത്തിനും വേണ്ടത്ര പണം ലഭ്യമാക്കേണ്ടതാണു്. പാഠപുസ്തകങ്ങളെയും അദ്ധ്യാ

പനത്തെയും സംബന്ധിച്ചിടത്തോളം എല്ലാ ഇന്ത്യൻ ഭാഷകളിലും ഐകരൂപ്യമുള്ള അന്തർദ്ദേശീയ പദാവലിയും അക്കങ്ങളും ഉപയോഗിക്കേണ്ടതു് ഈ മാററത്തിൻെറ മുഴുവൻ പ്രക്രിയയ്ക്കും ആവശ്യമായിവരും.

ലോകത്തെങ്ങും വിജ്ഞാനത്തിനുണ്ടാകുന്ന പുതിയ വികാസവുമായി ബന്ധംപുലർത്താൻ ആവശ്യമായ ഗ്രന്ഥശാലഭാഷ ഇംഗ്ലീഷ്പോലുള്ള ഒരു വിദേശഭാഷയായിരിക്കണം. ബന്ധഭാഷയെന്നനിലയിൽ ഹിന്ദിയെ വികസിപ്പിക്കുകയും ആ നിലയിൽ പ്രോത്സാഹിപ്പിക്കുകയും വേണം. 6–ാംക്ലാസ്സ് മുതൽ 8–ാംക്ലാസ്സു വരെ അതു നിർബ്ബന്ധവിഷയമാകേണ്ടതാണ്. എല്ലാ സംസ്ഥാനങ്ങളും ഹിന്ദി അംഗീകരിക്കുന്നതുവരെ മററൊരു ബന്ധഭാഷയായി ഇംഗ്ലീഷ് ഉപയോഗിക്കാം.

**(5) പരീക്ഷാപരിഷ്കാരം:** ഇന്നത്തെ പരീക്ഷാസമ്പ്രദായം നിഷ്പ്രയോജനവും പരിഹാസ്യവുമാണ്. വിദ്യാർത്ഥിയുടെ പ്രയോഗവിധം, സാമർത്ഥ്യം, വിജ്ഞാനം, മനോഭാവം എന്നിവ വിലയിരുത്തേണ്ടതിൻെറ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരീക്ഷാസമ്പ്രദായത്തിൻെറ സമഗ്രപരിഷ്കാരത്തിനു രൂപം നൽകണം. ആകയാൽ തത്ത്വത്തിൽ തുടർച്ചയായി നടക്കേണ്ടതും ആഭ്യന്തരവുമായിരിക്കണം ഈ വിലയിരുത്തൽ. ഇപ്പോൾ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഇടയിൽ ആഭ്യന്തരമായ വിലയിരുത്തലിനോട്ട് എതിർപ്പുണ്ട്. ഈ സമ്പ്രദായത്തെ ദുരുപയോഗപ്പെടുത്തുന്നതിനെപ്പററിയുള്ള അവരുടെ ആശങ്കയ്ക്കു കുറച്ചൊക്കെ അടിസ്ഥാനമുണ്ടെന്നു കാണാം. അതിനാൽ ഉചിതമായ സാഹചര്യം സൃഷ്ടിച്ചിട്ട് അനുക്രമമായിവേണം ഇതു നടപ്പിലാക്കാൻ.

പൊതുവായല്ലാത്ത നിഷ്കൃഷ്ട, ചോദ്യങ്ങൾക്ക് സ്വയം ഉത്തരം കണ്ടുപിടിക്കാനുള്ള കഴിവ്, പുസ്തകത്തിൻെറ സഹായത്തോടെ പരീക്ഷയെഴുതുന്ന സമ്പ്രദായം കൊണ്ടു് വിലയിരുത്താവുന്നതാണ്. വസ്തുനിഷ്ഠമായ ടെസ്ററുകൾകൊണ്ടു് വിദ്യാർത്ഥിയുടെ മാനസികമായ

ഉണർവ്വ് അളക്കാം. വാചാപരീക്ഷ വിദ്യാർത്ഥിയുടെ ധാരണാശക്തി നല്ലവണ്ണം മനസ്സിലാക്കാൻ അവസരം നൽകുന്നു. കോഴ്സുകളുടെ അവസാനം നടത്തുന്ന പബ്ലിക് പരീക്ഷകളെന്ന പഴഞ്ചൻ എഴുത്തുപരീക്ഷാസമ്പ്രദായത്തിൻെറ സ്ഥാനത്തു് മുകളിൽപ്പറഞ്ഞ വിവിധരീതികളുടെ ഒരു സമന്വിതസമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. ഈ മാററങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കാലയളവിൽ 10-ാംക്ലാസ്സിൻെറ അവസാനംവരെ പബ്ലിക്പരീക്ഷ ഉണ്ടാകാൻ പാടില്ല.

**(6) ദേശസാല്ക്കരണവും ജനാധിപത്യവല്ക്കരണവും:** ജനാധിപത്യപരവും ശാസ്ത്രീയവുമായ ഒരു വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ നാട്ടിൽ ഉണ്ടാകാൻവേണ്ട അവശ്യോപാധി വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്വകാര്യമാനേജ്മെൻറ് അവസാനിപ്പിക്കുകയാണ്. മുഴുവൻ വിദ്യാഭ്യാസയന്ത്രവും പ്രവർത്തിപ്പിച്ചുകൊണ്ടുപോകാനുള്ള ഉത്തരവാദിത്വം ഗവൺമെൻറ് ഏറെറടുക്കുന്നില്ലെങ്കിൽ പക്ഷപാതം, വർഗ്ഗവിവേചനം, അവസരസമത്വമില്ലായ്മ, അഴിമതി തുടങ്ങി സ്വകാര്യമാനേജ്മെൻറിനു സഹജമായ ദോഷങ്ങൾ ദൂരീകരിക്കാൻ ആവുകയില്ല. കൂടാതെ, വിദ്യാഭ്യാസത്തിൽ ഒരു ആസൂത്രിതവികസനം സാധ്യമാകണമെങ്കിലും ഗവൺമെൻറ് അതു് ഏറെറടുത്തേ മതിയാകൂ.

ദേശസാല്ക്കരണമെന്നതിനു് ഉദ്യോഗസ്ഥമേധാവിത്വവിധേയത്വ എന്നർത്ഥമാക്കരുതു്. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, അനദ്ധ്യാപകജീവനക്കാർ എന്നിവരുടെയും, ട്രേഡ്യൂണിയനുകൾ, കിസാൻസഭകൾ എന്നിവയുൾപ്പെടെയുള്ള സംഘടിതജനകീയസമിതികളുടെയും പ്രതിനിധികളും അക്കാഡമിഷ്യന്മാരും അടങ്ങുന്ന, സ്വയംഭരണാധികാരമുള്ള പൊതുസമിതികൾക്കായിരിക്കണം വിദ്യാഭ്യാസത്തിൻെറ ഭരണം ഏല്പിച്ചുകൊടുക്കേണ്ടതു്. ഗവൺമെൻറു് ദേശീയലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും, പ്രവർത്തനത്തിനുള്ള ധനം ഒരുക്കിക്കൊടുക്കുകയും, ആഡിററു് ഏർപ്പെടുത്തുകയും, അക്കാഡമിക് സമിതികളുമായി ചർച്ചചെയ്തു

നിർമ്മിച്ച നിയമങ്ങൾ മുഖേന നയങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. സ്വയംഭരണാവകാശമുള്ള സർവ്വകലാശാലകൾമാത്രം ഉണ്ടായാൽ പോരാ; സ്വയംഭരണാവകാശമുള്ള പ്രൈമറി വിദ്യാഭ്യാസബോർഡുകളും, സെക്കണ്ടറിവിദ്യാഭ്യാസബോർഡുകളും, വയോജനവിദ്യാഭ്യാസബോർഡുകളും കൂടി സ്ഥാപിക്കപ്പെടണം. ഇവയ്ക്കെല്ലാംപുറമേ, ഓരോ സംസ്ഥാനത്തിനും സ്വന്തമായി ഓരോ വിദ്യാഭ്യാസാസൂത്രണബോർഡ് ഉണ്ടായിരിക്കേണ്ടതാണ്. കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും വിദ്യാഭ്യാസമന്ത്രികാര്യാലയങ്ങളെ ഉപദേശിക്കാൻ വിദ്യാഭ്യാസപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും പ്രാതിനിധ്യമുള്ള കൗൺസിലുകളും ദേശീയ–സംസ്ഥാനനിലവാരങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്.

വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സ്വകാര്യമാനേജുമെൻറു നിർത്തലാക്കുകയാണ് തീർച്ചയായും നമ്മുടെ ലക്ഷ്യമെങ്കിലും, മതന്യൂനപക്ഷങ്ങൾ നടത്തുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, അവയുടെ വികാരങ്ങളേയും ഭരണഘടനാപരമായ അവകാശങ്ങളേയും മുൻനിർത്തി അവധാനപൂർവ്വം നേടേണ്ട ഒന്നാണ് ആ ലക്ഷ്യം. സ്വകാര്യമാനേജുമെൻറ് അവസാനിപ്പിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്ന പരിവർത്തനദശയിൽ ഭരണസമിതികളിൽ അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും, അനദ്ധ്യാപകജീവനക്കാരുടേയും പ്രതിനിധികൾക്കു ഭൂരിപക്ഷം ഉണ്ടായിരിക്കണം.

സർവ്വകലാശാലകളും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും സമ്പൂർണ്ണമായി ജനാധിപത്യവൽക്കരിക്കുകയും, ഓരോ ഫാക്കൽററി (അദ്ധ്യയനവിഭാഗം) യിലുംപെട്ട അദ്ധ്യാപകാദ്ധ്യേതാക്കളുടെയും, അന്യോന്യം ബന്ധപ്പെട്ട ഫാക്കൽററികളുടെയും ഒരു സഹകരണയത്നമാക്കി വിദ്യാഭ്യാസത്തെ മാററുകയും ചെയ്യേണ്ടതാണ്.

സെനററിലും (നിയമസമിതി) സിൻഡിക്കേററിലും (നിർവ്വാഹകസമിതി) അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഭൂരിപക്ഷപ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണ്, ഈ

സമിതികളിൽ അനദ്ധ്യാപകജീവനക്കാക്കും പ്രാതിനിധ്യം വേണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളേ ഇവയിൽ ഭൂരിപക്ഷമാകാവൂ. സെനററിൽ നിയമസഭാംഗങ്ങൾക്കും വിവിധ ബഹുജനസംഘടനകളുടെ പ്രതിനിധികൾക്കും വേണ്ടത്ര പ്രാതിനിധ്യം ഉണ്ടായിരിക്കണം. അക്കാഡമിക് കൗൺസിലുകളിൽ വിദ്യാർത്ഥിപ്രാതിനിധ്യം ആവശ്യമാണ്. വിദ്യാർത്ഥികളും അദ്ധ്യാപകരും കൂട്ടായി ചർച്ച ചെയ്തു രൂപംനൽകേണ്ടതാണ് പാഠ്യപദ്ധതി. ഗജേന്ദ്ര ഗാഡ്കർ കമ്മീഷൻ വിഭാവനചെയ്തിട്ടുള്ള പിൻതിരിപ്പൻ "വിദ്യാർത്ഥികൗൺസിലുകൾ"ക്കു ഒരു മണ്ഡലവും വിട്ടുകൊടുക്കാൻ പാടുള്ളതല്ല. കാരണം, അതു തികച്ചും ജനാധിപത്യവിരുദ്ധമാണ്.

തീരുമാനങ്ങളെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന നിലവാരത്തിൽ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, അനദ്ധ്യാപകജീവനക്കാർ എന്നിവരുടെ പ്രതിനിധികൾ പ്രിൻസിപ്പലിനോടു സജീവമായി സഹകരിച്ച് അങ്ങനെ ജനാധിപത്യപരമായിവേണം കലാശാലകൾ നടത്തിക്കൊണ്ടുപോകേണ്ടതു്.

എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും നിയമാനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകകൗൺസിലുകളും വിദ്യാർത്ഥികൗൺസിലുകളും ഉണ്ടായിരിക്കേണ്ടതാണ്. പ്രൈമറി സ്കൂളുകളിലും സെക്കണ്ടറി സ്കൂളുകളിലും, കേരളത്തിൽ ഇന്നുള്ള മാതൃകയിൽ, വിദ്യാർത്ഥികളുടെ പാർലമെൻററ് ഉണ്ടായിരിക്കണം.

**(7) രാഷ്ട്രീയസ്വാതന്ത്ര്യം: അദ്ധ്യാപകക്കും വിദ്യാർത്ഥികൾക്കും**—അദ്ധ്യാപകക്കും വിദ്യാർത്ഥികൾക്കും സമ്പൂർണ്ണമായ രാഷ്ട്രീയസ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. രാഷ്ട്രീയപ്പാർട്ടികളിൽ അംഗങ്ങളാകുന്നതിനുമാത്രമല്ല, തിരഞ്ഞെടുക്കുന്നതിനും തിരഞ്ഞെടുക്കപ്പെടുന്നതിനുംകൂടിയുള്ള അവകാശങ്ങൾ നിയമപരമായിത്തന്നെ ഉൾക്കൊള്ളുന്നവയായിരിക്കണം യൂണിവേഴ്സിററി ആക്ടുകൾ. അദ്ധ്യാപക കൗൺസിലുകളിലെ സീററുകളിലേയ്ക്കു് (ഉപരിസഭ) മത്സ

രിക്കുന്നതിൽനിന്ന് പ്രൈമറിഅദ്ധ്യാപകരെ വിലക്കുന്ന എല്ലാ നിയന്ത്രണങ്ങളും എടുത്തുകളയേണ്ടതാണ്.

(8) **അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ**— അദ്ധ്യാപകർ അനുഷ്ഠിക്കുന്ന സുപ്രധാന സേവനത്തിനനുസൃതമായി വദ്ധിച്ച വേതനം നൽകി അദ്ധ്യാപകരുടെ സാമ്പത്തികസ്ഥിതി ഉയർത്തേണ്ടതുണ്ട്. അവക്കു സേവനസുരക്ഷിതത്വം നിയമാനുസൃതം ഉറപ്പുനൽകേണ്ടതാണ്. പ്രൈമറി, സെക്കണ്ടറി, കോളേജ്, യൂണിവേഴ്സിററി എന്നിങ്ങനെ വിവിധതലങ്ങളിലുള്ള അദ്ധ്യാപകക്ക് ദേശീയാടിസ്ഥാനത്തിൽ ചുരുങ്ങിയ വേതനനിരക്ക് നിശ്ചയിക്കുകയും, ഉയന്ന ശമ്പളവും താഴ്ന്ന ശമ്പളവും തമ്മിലുള്ള അന്തരം കുറയ്ക്കുകയും വേണം. അദ്ധ്യാപനത്തിൻെറ ഗുണം മെച്ചപ്പെടുത്തുന്നതിനു് ഇൻസർവ്വീസ് പരിശീലനം ഏർപ്പെടുത്തേണ്ടതും, അതിനുവേണ്ട ചെലവു് സക്കാർ വഹിക്കേണ്ടതുമാണ്.

(9) **പുതു കോളനിപ്രസ്ഥാനത്തിൻെറ നുഴഞ്ഞുകയററത്തിനെതിരേ സമരം**—നേരത്തേ പ്രസ്താവിച്ചിട്ടുള്ളതുപോലെ, രാജ്യത്തിൻെറ അക്കാഡമിക് പ്രവത്തനങ്ങളിലേക്കുള്ള, വിശേഷിച്ചും ഉന്നതവിദ്യാഭ്യാസരംഗത്തേക്കുള്ള, പുതു കോളനിപ്രസ്ഥാനത്തിൻെറ നുഴഞ്ഞുകയററം വളന്നുകൊണ്ടിരിക്കുന്ന ഒരു ഭീഷണിയാണ്. ഗ്രാമങ്ങളിൽ, വിശിഷ്യാ മാററത്തിനു് പെട്ടെന്നു വഴങ്ങിക്കൊടുക്കുന്ന ഗോത്രവർഗ്ഗപ്രദേശങ്ങളിൽ, പല തരത്തിലുള്ള മറുനാടൻ മിഷണറിസംഘടനകൾ സാമൂഹികസേവനത്തിൻെറ മറപിടിച്ച് ജനതയെ ദേശീയവിരുദ്ധമായ വഴികളിലേക്കു് സ്വാധീനിച്ചു കൊണ്ടുപോവുക എന്ന ലക്ഷ്യത്തിൽ പ്രവത്തിച്ചുപോരുന്നുണ്ട്. കുറഞ്ഞ വിലക്കു വാങ്ങാവുന്ന സാങ്കേതിക മനുഷ്യശക്തിയെ സാമ്രാജ്യത്വരാജ്യങ്ങൾക്കുവേണ്ടി പരിശീലിപ്പിച്ചെടുക്കാനുള്ള വെറുമൊരുപാധിയായി ഐ. ഐ. ടി-കൾ പലപ്പോഴും ഉപയോഗിക്കപ്പെടുന്നു. ഐ. ഐ. ടി-കളുടെ പ്രവത്തനത്തിൽ കുത്തകകളുടെ നുഴ

ഞ്ഞുകയററത്തിൻെറ ഈ പ്രവണത വദ്ധിച്ചുകൊണ്ടിരിക്കുകയാണു്.

ഇവയെല്ലാമെതിരായി സമരം ചെയ്യുകയും ഇവയെ ചെറുത്തുതോല്പിക്കുകയും ചെയ്യേണ്ടതുണ്ടു്. ഇതിനുവേണ്ടി തീവ്രമായ ഒരാശയപ്രചാരണപരിപാടി സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. സ്കോളർഷിപ്പുകൾ, സഹായധനങ്ങൾ, വിദേശ വിദ്യാഭ്യാസം, വിദേശയാത്ര, ഗവേഷണസൗകര്യങ്ങൾ എന്നിവയെല്ലാം ഗവണ്മെൻറിലൂടെ വേണം ഏല്പെട്ടുത്തപ്പെടേണ്ടതു്. പുതു കോളനിപ്രസ്ഥാനത്തിൻെറ നുഴഞ്ഞുകയററം തടയത്തക്കവണ്ണം, അദ്ധ്യാപകരുടെയും വിദ്യാത്ഥികളുടെയും സംഘടനകളുമായാലോചിച്ചു്, വിദ്യാഭ്യാസമന്ത്രികാര്യാലയം ശരിയായ ഒരു നയം ആവിഷ്കരിക്കേണ്ടതുണ്ടു്. ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം യു. ജി. സി-ക്കു് പ്രധാനപ്പെട്ട ഒരു പങ്കാണു നിവ്വഹിക്കാനുള്ളതു്.

**(10) വിദ്യാഭ്യാസത്തിനും ശാസ്ത്രഗവേഷണത്തിനും കൂടുതൽ തുക വകകൊള്ളിക്കണം**—ബഡ്ജററിലും പദ്ധതിയിലും തുകകൾ വക കൊള്ളിക്കുമ്പോൾ വിദ്യാഭ്യാസത്തോടു് ഒരു ചിററമ്മനയമാണു് സക്കാർ കൈക്കൊള്ളുന്നതു്. ചെലവുചുരുക്കൽ വേണ്ടിവരുമ്പോഴൊക്കെ മഴു മാറാതെ പതിക്കുന്നതു് വിദ്യാഭ്യാസത്തിൻെറയും സാമൂഹികക്ഷേമത്തിൻെറയും മേലാണു്. വിദ്യാഭ്യാസം ശരിയായ വിധത്തിൽ ആസൂത്രണം ചെയ്യണമെങ്കിൽ കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറുകളും വിദ്യാഭ്യാസകാര്യങ്ങൾക്കു കൂടുതൽ പണം ചെലവാക്കുകതന്നെ വേണം. ഓരോ മേഖലയായെടുത്താൽ, പ്രൈമറിവിദ്യാഭ്യാസത്തിനു് ഏററവും കൂടുതൽ മുൻഗണന നൽകി വർദ്ധിച്ച ബഡ്ജററുവിഹിതം അതിനു് അനുവദിക്കേണ്ടതാണു്.

ഗവേഷണസൗകര്യങ്ങളും കാര്യമായി വർദ്ധിപ്പിക്കേണ്ടതുണ്ടു്. ഔദ്യോഗികാനൗദ്യോഗിക യത്നങ്ങളെ നേരാംവണ്ണം സംയോജിപ്പിച്ചുകൊണ്ടു് ദേശീയാവശ്യങ്ങൾക്കനുസൃതമായി ഗവേഷണം മുന്നോട്ടു കൊണ്ടുപോകേണ്ടതാണു്.

ഗവേഷണപ്രവത്തനം സ്വന്തം നിയന്ത്രണത്തിലാക്കാനും അതിൻെറ ഫലം അപഹരിക്കാനുമുള്ള വിദേശങ്ങളിലേയും ഇന്ത്യയിലേയും കുത്തകകളുടെ ശ്രമങ്ങളെ എതിത്തുതോല്പിക്കണം. ഇന്ത്യൻ പ്രതിഭകളെ വിദേശങ്ങളിലേയ്ക്കു ചോത്തിക്കൊണ്ടുപോകുന്ന വിദ്രോഹകരമായ പ്രവത്തനവും അവസാനിപ്പിക്കേണ്ടതാണ്.

വിവിധ വകുപ്പുകൾക്കുവേണ്ടി ധനവിഭജനം നടത്തുമ്പോൾ വിദ്യാഭ്യാസത്തിനു മുൻഗണന നൽകുകയും, പ്രത്യേക സെസ്സോ നികുതിയോ ഏർപ്പെടുത്തുകയും ചെയ്ത് വിദ്യാഭ്യാസത്തിനാവശ്യമായ വർദ്ധിച്ച ചെലവിനത്തിനു വക കണ്ടെത്താവുന്നതാണ്.

(11) **സ്ത്രീവിദ്യാഭ്യാസം**—സ്ത്രീവിദ്യാഭ്യാസകാര്യത്തിലുണ്ടായിട്ടുള്ള തികഞ്ഞ അവഗണന പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടതും സ്ത്രീവിദ്യാഭ്യാസത്തിനു കൂടുതൽ ധനം അനുവദിക്കേണ്ടതുമുണ്ട്. ഈ വിഷയത്തിൽ പുലരുന്ന കക്കശമായ ഫ്യൂഡൽമനോഭാവത്തിനെതിരെ ഊജ്ജിതമായ ആശയസമരം നടത്തേണ്ടതാണ്. ദരിദ്ര കുടുംബത്തിലെ പെൺകുട്ടികളെ വിദ്യാഭ്യാസത്തിലേയ്ക്ക് ആകർഷിക്കാൻ ശിശുസംരക്ഷണകേന്ദ്രങ്ങളും മദ്ധ്യാഹ്ന സൗജന്യഭക്ഷണവും മററു പ്രോത്സാഹനങ്ങളും പ്രൈമറി തലത്തിൽ ഏർപ്പെടുത്തണം. സെക്കണ്ടറിതലത്തിൽ പെൺകുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസത്തിനു പുറമേ, നിർദ്ധനകുടുംബങ്ങളിൽനിന്നു വരുന്നവക്ക് പ്രത്യേക സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും നൽകേണ്ടതാണ്. സഹവിദ്യാഭ്യാസം പൊതുവേ പ്രോത്സാഹിപ്പിക്കപ്പെടുന്നതോടൊപ്പം, ഒരു പരിവത്തനകാലപരിപാടിയെന്ന നിലയിൽ, ആവശ്യമുള്ള സ്ഥലങ്ങളിൽ പെൺകുട്ടികൾക്കു മാത്രമായുള്ള സ്കൂളുകളും സ്ഥാപിക്കാം. അവക്കുവേണ്ടി തൊഴിലധിഷ്ഠിതമായ പ്രത്യേക കോഴ്സുകളും ഏർപ്പെടുത്തേണ്ടതാണ്.

(12) **കായികവിദ്യാഭ്യാസം**—കായികവിദ്യാഭ്യാസത്തിനും പലതരം പാഠ്യേതരപ്രവത്തനങ്ങൾക്കും കൂടുതൽ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. യുവതലമുറയ്ക്ക്

മാനസിക സംസ്കാരത്തോടൊപ്പം കായികവികാസവും ലഭിക്കാനാവശ്യമായ കളിസ്ഥലങ്ങളും മററു കായികവിനോദസൗകര്യങ്ങളും നൽകേണ്ടതുണ്ട്.

**(13) പരിശീലനസൗകര്യങ്ങളുടെ വികസനം**—അദ്ധ്യാപകർക്കു് ഇൻസർവീസ് പരിശീലനവും കൂടുതൽ അദ്ധ്യാപകപരിശീലനസ്ഥാപനങ്ങളും ഉണ്ടാകണം. രാജ്യത്തിൻെറ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലേയും ജനങ്ങൾക്കത്യന്താവശ്യമായ ആതുരശുശ്രൂഷയും ആരോഗ്യസേവനവും അടിയന്തിരമായി ലഭിക്കാൻ സഹായകമാകുമാറു് വൈദ്യശാസ്ത്രത്തിൽ ഹ്രസ്വകാലകോഴ്സുകൾ ആരംഭിക്കേണ്ടതാണു്. അങ്ങനെ പരിശീലനം നേടുന്നവക്ക് ഇൻസർവ്വീസ് വിദ്യാഭ്യാസത്തിനുള്ള അവസരവും, പൂർണ്ണകാലകോഴ്സ് പൂർത്തിയാക്കാൻ സൗകര്യവും കൊടുക്കണം.

**14. ഗോത്രവർഗ്ഗവിദ്യാഭ്യാസം**—കൂടുതൽ ഗ്രാൻറുകളും സ്കോളർഷിപ്പുകളും ഏർപ്പെടുത്തിക്കൊണ്ട്, ഗോത്രവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിനു ശരിയായ വ്യവസ്ഥയുണ്ടാകണം. ഇക്കാര്യത്തിൽ സക്കാരിനു നേരിട്ട പരാജയംമൂലമാണു് സാമ്രാജ്യത്വാനുഭാവികളായ മിഷണറിമാർ ഗോത്രവർഗ്ഗങ്ങൾക്കിടയിലേക്കു വിദഗ്ദ്ധമായി നുഴഞ്ഞുകയറി അവരിൽ ദേശീയവിരുദ്ധാശയങ്ങളുടെ വിഷം വ്യാപിപ്പിക്കുന്നതു്. ഇതിനെ പ്രതിരോധിക്കാൻ ഫലപ്രദമായ നടപടികൾ എടുക്കേണ്ടതുണ്ട്. പല ഗോത്രവർഗ്ഗഭാഷകൾക്കും ലിപിയില്ല. ഈ കുറവു പരിഹരിച്ച് ആ ഭാഷകൾ വികസിപ്പിക്കണം.

**15. തൊഴിലാളിവർഗ്ഗത്തിനു് മാനേജ്മെൻറുകാര്യത്തിൽ പരിശീലനം നല്കണം**—ഉല്പാദനത്തിൻെറമേൽ തൊഴിലാളികൾക്കു നിയന്ത്രണമുണ്ടാകാൻ വേണ്ടി, തൊഴിലാളിവിഭാഗങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവർക്കു് മാനേജ്മെൻറുകാര്യങ്ങളിൽ പരിശീലനം നൽകുക എന്ന നിഷ്കൃഷ്ട ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പൊതുമേഖലാ വ്യവസായശൃംഖലകളിൽ ഉണ്ടാക

ണം. മാനേജ്മെൻറിൽ പരിശീലനം നൽകാനുള്ള ഇന്ന ത്തെ സ്ഥാപനങ്ങൾ ദേശീയവിരുദ്ധന്മാരും ജനാധിപത്യ വിരുദ്ധന്മാരുമായ മാനേജർമാരെ വളത്തിയെടുക്കുന്ന സ്ഥാപ നങ്ങളാണ്. അവ ഗവണ്മെൻറ് ഏറെറടുക്കുകയും അവ യുടെ നിലപാടും പ്രവത്തനസമ്പ്രദായവും സമഗ്രമായി പരി ശോധിച്ചു പരിഷ്ക്കരിക്കുകയും വേണം.

## ഭരണഘടനാപരമായ സംവിധാനം

നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് വി ദ്യാഭ്യാസം സംസ്ഥാനവിഷയമാണ്. ഈ നിലയ്ക്കു മാററം വരുത്തേണ്ടതില്ല. ഇന്ത്യയുടെ ദേശീയഘടനയുടെ സ്വഭാവ ത്തിനു് അനുരോധമായ ഇന്നത്തെ ഈ ഭരണഘടനാസംവി ധാനത്തിൽ വരുത്തുന്ന മാററമേതും ഹാനികരമായിരിക്കും. കൂടാതെ, വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ ജനതയുടെ ജീ വിതരീതിയോടും പാരമ്പര്യത്തോടും ഇണങ്ങിയിരിക്കണമെ ന്നതു് നീതിയുക്തവും അനുപേക്ഷണീയവുമാണല്ലോ. വി ദ്യാഭ്യാസം സംസ്ഥാനവിഷയമായാൽ മാത്രമേ ഇതു സാ ദ്ധ്യമാവുകയുള്ളൂ. കേന്ദ്രം മുൻകയ്യെടുത്തു് ആവിഷ്ക്കരിക്കുന്ന നയം പ്രേരണയിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും നടപ്പാക്കുക വഴി വിദ്യാഭ്യാസത്തിനു ദേശീയതലത്തിൽ ആവശ്യമായ ഐകരൂപ്യം നല്ല രീതിയിൽ കൈവരുത്താവുന്നതാണ്. കോഴ്സുകളുടെ നിലവാരക്രമീകരണം, നാനാവിഷയങ്ങ ളിലുണ്ടാകുന്ന പൊതുപാഠപുസ്തകങ്ങൾ, അദ്ധ്യയനപരവും സാംസ്കാരികവുമായി കൂടെക്കൂടെയുള്ള വിനിമയങ്ങൾ എന്നിവ ഈവഴിക്കു് ഏറെ പ്രയോജനകരങ്ങളായിരിക്കും. ദേശീയോദ്ഗ്രഥനത്തെ ബോധപൂവ്വം പ്രോത്സാഹിപ്പിക്കേ ണ്ടതും ആവശ്യമാണ്. ഇവയ്ക്കെല്ലാമുപരി, സാധാരണ ബഹുജനപ്രസ്ഥാനങ്ങളും അവയുടെ പ്രവത്തനങ്ങളും വഹി ക്കുന്ന പങ്കിനു നിണ്ണായക പ്രാധാന്യമുണ്ടായിരിക്കും.

സംസ്ഥാനബഡ്ജററിൽ വിദ്യാഭ്യാസത്തിനുവേണ്ടി യുള്ള വിഹിതം വദ്ധിപ്പിക്കുന്നതിനും കേന്ദ്രത്തിൽനിന്നു കൂടുതൽ സാമ്പത്തികസഹായം ഉണ്ടാകുന്നതിനും വിദ്യാത്ഥി

കളുടെയും അദ്ധ്യാപകരുടെയും സംഘടനകൾ ആവശ്യപ്പെടണം. അതേസമയം വിദ്യാഭ്യാസം കേന്ദ്രത്തിൻെറയും സംസ്ഥാനങ്ങളുടെയും പൊതുവിഷയമാക്കാനുള്ള നീക്കത്തെ എതിർക്കുകയും വേണം. എന്തുകൊണ്ടെന്നാൽ, അങ്ങനെയായാൽ അധികാരങ്ങളെല്ലാം കേന്ദ്രഭരണത്തിൽ സമാഹരിക്കപ്പെടുകയും തന്നിമിത്തം നമ്മുടെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ സവിശേഷമായ സാംസ്കാരികവികാസം തടയപ്പെടുകയും ചെയ്യും.

## വിദ്യാർത്ഥിപ്രക്ഷോഭണം

വിദ്യാർത്ഥിസമുദായം പൊതുവേ, കാലഹരണം വന്നതും അനീതിപരവുമായ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിനെതിരായി മാത്രമല്ല, ജീർണ്ണിച്ച ഇന്നത്തെ മുഴുവൻ സാമൂഹിക-സാമ്പത്തികവ്യവസ്ഥയ്ക്കെതിരായും പ്രക്ഷുബ്ധരാണെന്നതു് വർത്തമാനകാല സാഹചര്യത്തിൻെറ ശ്രദ്ധേയവും സ്വാഗതാർഹവുമായ പ്രത്യേകതയാണു്. അവർ ഭരണാധികാരവർഗ്ഗത്തിൻെറ കാപട്യത്തിനും തെററായ മൂല്യങ്ങൾക്കുമെതിരേ പ്രക്ഷോഭണം കൂട്ടുന്നു. കോൺഗ്രസ്സ് ഭരണാധികാരികൾ പിന്തുടരുന്ന മുതലാളിത്തത്തിൻെറ വികാസമാർഗ്ഗത്തിനെതിരായുള്ള സമരത്തിലാണവർ. വിദ്യാഭ്യാസമേഖലയിലുൾപ്പെടെ ഇന്നത്തെ വ്യവസ്ഥിതിയിലാകെത്തന്നെ സമഗ്രമായ പരിവർത്തനം, വിപ്ലവാത്മകമായ പരിവർത്തനം, വിദ്യാർത്ഥികൾ ആഗ്രഹിക്കുന്നു. ശാസ്ത്രീയവിജ്ഞാനം പ്രദാനംചെയ്യുന്നതും തങ്ങളെ ജീവിതത്തിനു സജ്ജരാക്കുന്നതും വ്യക്തിത്വവികാസത്തിനു സഹായകവുമായ വിദ്യാഭ്യാസസമ്പ്രദായമാണു് അവർ ആവശ്യപ്പെടുന്നതു്. വിദ്യാഭ്യാസകാര്യങ്ങളുടെ നടത്തിപ്പിൽ തങ്ങളുടെ അഭിപ്രായം മാനിക്കപ്പെടണമെന്നും അവർ ആവശ്യപ്പെടുന്നു. അന്തസായി ജീവിക്കാനും പുതിയൊരു രാഷ്ട്രം പടുത്തുയർത്താനും കഴിയുമാറു് വിദ്യാഭ്യാസാനന്തരം അവർക്കു തൊഴിൽ കിട്ടണം. അനീതിനിറഞ്ഞ ഇന്നത്തെ സ്ഥിതി ഇതുപോലെ തുടർന്നുപോകാൻ അവർ ഇഷ്ടപ്പെടുന്നില്ല.

ചില്ലറ പരിഷ്കാരങ്ങൾ വരുത്താനും, പ്രശ്നങ്ങളുടെ ഓട്ടയ ടയ്ക്കാൻമാത്രം ചില പരിപാടികൾ മുന്നോട്ടുകൊണ്ടുവരാനും ആഗ്രഹിക്കുന്നവരെ അവർ തള്ളിക്കളയുന്നു.

സുശക്തമായ വിദ്യാൎത്ഥിസമൂഹസംഘടനകൾ കെട്ടിപ്പടുക്കുന്നതിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയും മററു് ഇടതുപക്ഷ ജനാധിപത്യശക്തികളും പരാജയപ്പെട്ടതുകൊണ്ടും, അവർ വിദ്യാർത്ഥിപ്രശ്നങ്ങളെ വിഗണിച്ചതുകൊണ്ടും വിദ്യാൎത്ഥികളിലെ ചില വിഭാഗങ്ങൾ സമൂഹവിരുദ്ധമായ തീവ്ര "വാമപക്ഷത്തി"ൻെറ മാത്രമല്ല പ്രതിവിപ്ലവത്തിൻെറ പോലും ശക്തികൾക്കു് ഇരയായിത്തീൎന്നിരിക്കുന്നു. ഈ ശക്തികൾ വിദ്യാൎത്ഥിവിഭാഗങ്ങളെ തെററായ മാർഗ്ഗത്തിലേയ്ക്കു നയിക്കുകയും, ചിലപ്പോൾ ചിലേടങ്ങളിൽ ശിഥിലീകരണപരവും ജനാധിപത്യവിരുദ്ധവുമായ വഴികളിലേയ്ക്കു് അവരുടെ പ്രസ്ഥാനത്തെ വ്യതിചലിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. പരീക്ഷയിൽ കൂട്ടംചേർന്നു കണ്ടെഴുതുക, എന്തും തല്ലിത്തകർക്കുക, അദ്ധ്യാപകരെ കൈയേററം ചെയ്യുക തുടങ്ങിയ അനഭിലഷണീയപ്രവൎത്തനങ്ങളുടെ വളർച്ചയ്ക്കു് ഇതു വഴിയൊരുക്കിയിരിക്കുന്നു. ചില സംസ്ഥാനങ്ങളിൽ പിന്തിരിപ്പൻ വലതുപക്ഷശക്തികൾ തങ്ങളുടെ ഫാസിസ്ററുപ്രചാരണത്തിനുതകുന്ന ഒരു അഭിഘാതശക്തിയായി വിദ്യാർത്ഥിവിഭാഗങ്ങളെ ഉപയോഗപ്പെടുത്തുന്നതിനും ഇതു് ഇടയാക്കിയിട്ടുണ്ടു്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയും അതുപോലെ ഇടതുപക്ഷത്തേയും ജനാധിപത്യത്തേയും പ്രതിനിധാനം ചെയ്യുന്ന മററു കക്ഷികളും ശക്തികളും തങ്ങളുടെ ആപല്ക്കരമായ ഗതിമാന്ദ്യത്തിൻെറ കെടുതി പരിഹരിക്കാൻ വളരെ വേഗം മുന്നോട്ടുപോകേണ്ടതു് അത്യന്താപേക്ഷിതമാണു്. ശാസ്ത്രീയ സോഷ്യലിസത്തിൻെറ തത്വശാസ്ത്രം വിദ്യാർത്ഥികൾക്കിടയിൽ ധീരമായി പ്രചരിപ്പിക്കുകയും ദേശീയ ജനാധിപത്യ വിപ്ലവത്തിൻെറ മാർഗ്ഗത്തെക്കുറിച്ചു് അവർക്കു് അറിവുണ്ടാക്കിക്കൊടുക്കുകയും വേണം. വലതുപക്ഷത്തിൻേറയും

അതിവിപ്ലവത്തിൻേറയും സമൂഹവിരുദ്ധശക്തികൾക്കും, കൂട്ടംചേർന്നുള്ള കോപ്പിയടി, നശീകരണപ്രവൃത്തി, അദ്ധ്യാപകരെ കയ്യേററം ചെയ്യൽ എന്നിങ്ങനെയുള്ള അനാശാസ്യ ശീലങ്ങൾക്കുമെതിരായി വിട്ടുവീഴ്ചയില്ലാത്ത കഠിനസമരം വമ്പിച്ച തോതിൽ നടത്തേണ്ടതുണ്ട്.

നമുക്ക് വിദ്യാർത്ഥിപ്രക്ഷോഭണത്തിനു ശരിയായ നേതൃത്വം നല്കണമെന്നുണ്ടെങ്കിൽ അതിൻെറ മൂലകാരണങ്ങൾ അനുഭാവപൂർവ്വം മനസ്സിലാക്കുകയും അവ പരിഹരിക്കാൻ ശ്രമിക്കുകയുമാണ് ആദ്യമായി വേണ്ടതു്. ഇതിനാകട്ടെ അടിസ്ഥാനപരമായ സാമൂഹിക-സാമ്പത്തിക പരിവർത്തനങ്ങൾ ആവശ്യമാണ്. ആകയാൽ ആ പരിവർത്തനങ്ങൾക്കുവേണ്ടി നിരന്തരസമരം നടത്തേണ്ടതുണ്ട്.

ഇതോടൊപ്പം വിദ്യാഭ്യാസരംഗത്തു സവിശേഷമായ ചില നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തെ ഉല്പാദനോന്മുഖമാക്കിക്കൊണ്ട് പാഠ്യപദ്ധതി പരിഷ്ക്കരിക്കുക, പരീക്ഷാസമ്പ്രദായം നവീകരിക്കുക, ഇവയ്ക്കെല്ലാമുപരി, വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സംയുക്തസഹകരണയത്നത്തിലൂടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുക എന്ന വീക്ഷണത്തോടുകൂടി വിദ്യാഭ്യാസകാര്യങ്ങളുടെ ഭരണസമിതികളിലും നയരൂപവല്ക്കരണ സമിതികളിലും അദ്ധ്യാപകാദ്ധ്യേതാക്കളെ സജീവമായി പങ്കെടുപ്പിച്ചുകൊണ്ട് അവയെ ജനാധിപത്യവല്ക്കരിക്കുക എന്നിവയാണ് ഈ നടപടികളിൽ പ്രധാനപ്പെട്ടവ.

ഇന്നു വളരെ മോശമായ രീതിയിൽ തകർന്നിരിക്കുന്ന അദ്ധ്യാപക-വിദ്യാത്ഥിബന്ധം ദൃഢപ്പെടുത്തുക എന്നതാണു മർമ്മപ്രധാനമായ കാര്യം. അദ്ധ്യയനരംഗത്തു മാത്രമല്ല, സാക്ഷരതാപ്രസ്ഥാനം പോലുള്ള രാഷ്ട്രപുനർനിർമ്മാണപ്രവത്തനങ്ങളിലും കൂട്ടുത്തരവാദിത്വത്തിൻേറയും കൂട്ടായ പ്രവത്തനത്തിൻെറയും അടിസ്ഥാനത്തിലായിരിക്കണം അദ്ധ്യാപക-വിദ്യാത്ഥിബന്ധം ദൃഢമാക്കേണ്ടതു്.

ഒരുവിഭാഗം വിദ്യാർത്ഥികൾ വലതുപക്ഷത്തിൻെറ പിന്തിരിപ്പൻ പ്രത്യയശാസ്ത്രത്തിനും അതിൻെറ പ്രചാരണത്തിനും വശംവദരായി ശിഥിലീകരണപരമോ സമൂഹവിരുദ്ധമോ ജനവിരുദ്ധമോ ആയ പ്രവൃത്തനങ്ങളിൽ ഏർപ്പെട്ടുന്നുണ്ട്. ഈ പ്രവണതയെ തീർച്ചയായും എതിർത്തു തോല്പിക്കേണ്ടതാണ്. അതോടൊപ്പം അവരെ നേർവഴിയിലേയ്ക്കു തിരിച്ചുകൊണ്ടുവരാൻ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ ആശയസമരവും ക്ഷമാപൂർവ്വം നടത്തേണ്ടതുണ്ട്.

## പുതിയ വിദ്യാഭ്യാസസമ്പ്രദായത്തിനു വേണ്ടിയുള്ള സമരം

നാം മുകളിൽ രൂപരേഖ നൽകിയ പരിപാടിയും നയവും വെറുമൊരു പദ്ധതിയല്ല. തൊഴിലാളികളുടേയും കൃഷിക്കാരുടേയും ബഹുജനസംഘടനകൾ ഉൾപ്പെടെയുള്ള മുഴവൻ രാഷ്ട്രത്തിൻെറയും ഒരു പ്രവൎത്തനവേദിയാണതു്; പ്രത്യേകിച്ചും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഒരു പ്രവൎത്തനവേദിയാണതു്. വ്യക്തമായ ജനവിരുദ്ധ പ്രവണതകൾ ഉൾക്കൊള്ളുന്നതും ഇന്ത്യൻ ബൂർഷ്വാവൎഗ്ഗത്തിൻെറ താല്പര്യങ്ങൾ സംരക്ഷിക്കുന്നതുമായ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം മാററി, പകരം അടിസ്ഥാനബഹുജനങ്ങളുടേയും ജനാധിപത്യവിശ്വാസികളുടേയും താല്പര്യങ്ങൾക്കു് അനുഗുണമായ ഒരു ദേശീയ ജനാധിപത്യ ശാസ്ത്രീയ വിദ്യാഭ്യാസസമ്പ്രദായം ഇന്ത്യയിൽ പടുത്തുയൎത്തുവാൻ ഈ പരിപാടിയുടേയും നയത്തിൻേറയും അടിസ്ഥാനത്തിൽ പാർട്ടി ഒരു ദേശീയ സമരവും പ്രസ്ഥാനവും ആരംഭിക്കേണ്ടതുണ്ട്.

ഈ സമരത്തിനു് **രണ്ടുവശങ്ങൾ** ഉണ്ടു്:

(എ) ആവശ്യങ്ങൾ വിദ്യാഭ്യാസാധികൃതരുടേയും ഗവൺമെൻറു് അധികാരികളുടേയും മുൻപിൽ വയ്ക്കുകയും, അവ അംഗീകരിച്ചുകിട്ടാൻ നിരന്തരം സമരം നടത്തുകയും ചെയ്യുക.

(ബി) പുതിയ വ്യവസ്ഥയ്ക്കുവേണ്ടി സ്വാർത്ഥതയ ന്യേ സമരംചെയ്യാൻ പോന്ന, അർപ്പണമനോഭാവമുള്ള വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഒരു വ്യൂഹം സൃഷ്ടിക്കാൻ തീവ്രമായ ആശയസമരം നടത്തുക, ബഹു ജനങ്ങളെ പ്രബുദ്ധരാക്കേണ്ടതുണ്ട്; അദ്ധ്യാപകരും വിദ്യാ ർത്ഥികളും പഠനകാര്യങ്ങളോടും തൊഴിലിനോടുമുള്ള തങ്ങളു ടെ മനോഭാവം മാറേറണ്ടതുമുണ്ട്. അവകാശങ്ങൾ അനുവ ദിച്ചുകിട്ടാൻവേണ്ടിയുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥി കളുടേയും യൂണിയൻപ്രവത്തനങ്ങൾ മാത്രമല്ല ആവശ്യമായി ട്ടുള്ളതു്. അവ വേണ്ടെന്നല്ല. അവ മാത്രമായാൽ പോരാ. ഒരു പുതിയ സമുദായവും അതിൻെറ ഭാഗമായി പ്രയോജന കരമായ ഒരു വിദ്യാഭ്യാസസമ്പ്രദായവും കെട്ടിപ്പടുക്കുന്നതിനു സമരം നടത്തുകയും ത്യാഗം അനുഷ്ഠിക്കുകയും ചെയ്യാനാവ ശ്യമായ ആദർശധീരത ഇന്നു നഷ്ടപ്രായമായിരിക്കുന്നു. ഈ ആദശ്ധീരത പുനഃപ്രതിഷ്ഠിക്കുകയും, കഠിനാദ്ധ്വാന ശീലം പുനരാർജ്ജിക്കുകയും വേണം.

ശക്തമായി വെല്ലുവിളിക്കുന്ന ഒരു പ്രതിസന്ധിയി ലൂടെ ഇന്ത്യ കടന്നുപോവുകയാണു്. വികാസത്തിൻെറ മുത ലാളിത്തമാർഗ്ഗത്തിനു നേരിട്ടിരിക്കുന്ന സ്തംഭനം വിദ്യാഭ്യാസ ത്തിൻെറയും ആശയസംഹിതയുടേയും മണ്ഡലങ്ങളുൾപ്പെടെ എല്ലായിടത്തും പ്രകടമായിക്കാണാം. തൊഴിലാളികളും അദ്ധ്യാപകരുമെന്നല്ല, നമ്മുടെ ജനങ്ങളിലെ ജനാധിപത്യ വിഭാഗങ്ങളെല്ലാംതന്നെ മുൻപൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധത്തിൽ അസ്വാസ്ഥരാണു്. ഒരു പുതിയ സമുദായവും പുതിയ വീക്ഷണവും പുതിയ മൂല്യവ്യവസ്ഥയും അവർ ആരാഞ്ഞുകൊണ്ടിരിക്കുന്നു. ഒരു പുതിയ ജീവിതത്തിനു വേണ്ടിയും സോഷ്യലിസത്തിലേയ്ക്കു മുന്നേറുന്ന ഒരു പുതിയ ഇന്ത്യയ്ക്കുവേണ്ടിയും അവർ സമരംചെയ്യുകയാണു്. ഈ സമരത്തിൽ, നമ്മുടെ ജനങ്ങളിൽ കൂടുതൽ വികാസം നേടിയ വിഭാഗങ്ങൾ മാർക്സിസം-ലെനിനിസത്തിൻെറ ചൈതന്യദായകമായ ആശയങ്ങളുടെ നേർക്കു തിരിഞ്ഞു കൊണ്ടിരിക്കുന്നു. എല്ലാ കാര്യങ്ങളിലുമെന്നപോലെ വിദ്യാ

4193



ഭ്യാസത്തിലും സോവിയററുയൂണിയനും മററു സഹോദര സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കുമുണ്ടായ വിസ്മയകരമായ മുന്നേററത്താൽ പ്രചോദിതരുമാണവർ. ഈ ആശയങ്ങൾക്കും വികാസവസ്തുതകൾക്കും പ്രചാരം നൽകുക എന്നതു് നമ്മുടെ മുഴുവൻ ജീവിതസമ്പ്രദായത്തിനും വരേണ്ട വിപ്ലവാത്മകപരിവത്തനത്തിന്റെ ഭാഗമെന്ന നിലനിൽ ഒരു ദേശീയ ജനാധിപത്യ വിദ്യാഭ്യാസ വ്യവസ്ഥ നേടിയെടുക്കാനുള്ള സമരത്തിന്റെ അവിഭാജ്യമായ ഒരു വശമത്രേ,

PC Library & Research Center

# കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാഭ്യാസനയ പ്രസ്താവന

★

1974 ജൂലൈ 31 മുതൽ ആഗസ്റ്റ് 4 വരെ
ന്യൂഡൽഹിയിൽ ചേർന്ന
ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ
നാഷനൽ കൗൺസിൽ അംഗീകരിച്ചത്

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസിദ്ധീകരണം